42

# Biographies for Beginners.

PART I.

12A
42

# മഹച്ചരിത സംഗ്രഹം.

ഒന്നാം ഭാഗം.

42/12

പ്രസാധകൻ:
കെ. വേലുപ്പിള്ള.

G
920
VEL

എസ്സ്. ആർ. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

രണ്ടാം പതിപ്പ് ] [ വില ചക്രം ൩ം.

42/12

# Biographies for Beginners.

## PART I.

# മഹച്ചരിത സംഗ്രഹം.

## ഒന്നാം ഭാഗം.

പ്രസാധകൻ:
കെ. വേലുപ്പിള്ള.

എസ്സ്. ആർ. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

രണ്ടാം പതിപ്പ്.] [വില ചക്രം ൩

അനന്തരാമവർമ്മ പ്രസ്സ്,
കോട്ടയ്ക്കകം,
തിരുവനന്തപുരം.
1109.

42/12—

# വിഷയ വിവരം.

---


| | | പുറം. |
|---|---|---|
| 1. | വില്യം പിററ് (പിതാവ്) ... ... | 1 |
| 2. | ജാജ്ജ് വാഷിംഗ്ടൺ ... ... | 7 |
| 3. | വില്യം പിററ് (പുത്രൻ) ... ... | 12 |
| 4. | മഹാനായ പീററർചക്രവത്തി ... ... | 16 |
| 5. | നെൽസൺ പ്രഭു ... ... | 23 |
| 6. | ജെയിംസ് വാട്ട് ... ... | 31 |
| 7. | ജാജ്ജ് സ്റ്റീവൻസൺ ... ... | 34 |
| 8. | ജാൺ ഹൌവേഡ് ... ... | 40 |
| 9. | വില്യം വിൽബർഫോഴ്സ് ... ... | 43 |
| 10. | ഡേവിഡ് ലിവിംഗ്സ്റ്റൺ ... ... | 47 |


---

12 A
92
42/12

# മഹാച്ചരിത്ര സംഗ്രഹം.

ഒന്നാംഭാഗം.

## വില്ല്യംപിററ് (ചാതാമിലെ പ്രഭു)

ഇംഗ്ലണ്ഡിലെ ഒരു പ്രസിദ്ധവാഗ്മിയും രാജ്യതന്ത്രജ്ഞനുമായിരുന്ന വില്ല്യംപിററ്, കാറൺവാൾ എന്ന സ്ഥലത്തു് ക്രിസ്താബ്ദം ൧൭൦൮-ൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പുത്രന്റെ പേരും വില്ല്യംപിററ് എന്നുതന്നെ ആയിരുന്നതിനാലും, പുത്രനും പിതാവിനെപ്പോലെ, പിന്നീട്, ഉൽകൃഷ്ടനിലയെ പ്രാപിച്ചതിനാലും, രണ്ടു മഹാന്മാരുടേയും പേരുകൾ തമ്മിൽ വേർതിരിക്കുന്നതിനായി പിതാവായ പിററിനെ 'എൽഡർവില്ല്യംപിററു' (മൂത്ത വില്ല്യംപിററ്) എന്നു പറയാറുണ്ടു്. മററു പല യുവാക്കന്മാരുമെന്നപോലെ, ഇദ്ദേഹവും ആദ്യം സൈന്യത്തിൽ ചേരുകയാണുണ്ടായതു്. എന്നാൽ തന്റെ നൈസർഗ്ഗികമായ സാമൎത്ഥ്യം യുദ്ധക്കളത്തിലേക്കാൾ പാർലമെൻറിലേക്കാണു് അധികം യോജിച്ചതെന്നു് മനസ്സിലാകയാൽ അദ്ദേഹം പാർലമെൻറിലെ ഒരു സാമാജികസ്ഥാനത്തിനു ശ്രമിക്കയും താമസിയാതെ തന്നെ ഒരു സാമാജികനാകയും ചെയ്തു.

പിററിന്റെ വാഗ്മിത്വം വേഗത്തിൽ പ്രകാശിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ ആകാരഗാംഭീൎയ്യവും ശബ്ദ

ഭംഗിയും പ്രഭാഷണചാതുൎയ്യവും നിമിത്തം അദ്ദേഹത്തി ന്റെ പ്രസംഗങ്ങൾ ശ്രോതാക്കന്മാൎക്കെല്ലാം ഏററവും ഹി തകരങ്ങളായിരുന്നു. തന്റെ മനസ്സിൽ ദൃഢമായി തോ ന്നുന്ന അഭിപ്രായങ്ങളാണ് അദ്ദേഹം പുറത്തു പറയാറു ള്ളതെന്നും, അല്ലാതെ, മനസ്സിൽ ഒന്നു വച്ചുകൊണ്ടു വേ റൊന്നു പുറത്തുപറയുന്ന സ്വഭാവം അദ്ദേഹത്തിനില്ലെ ന്നും ശ്രോതാക്കന്മാൎക്ക് വിശ്വാസം തോന്നിയിരുന്നു. ആരംഭംമുതല്ക്ക് ഇപ്രകാരമുള്ള ഒരു വിശ്വാസം ശ്രോ താക്കന്മാൎക്കുണ്ടാകുന്നതിനിടയായതുതന്നെ വില്യംപിററി ന്റെ യോഗ്യതകളെ സ്പഷ്ടമാക്കുന്നുണ്ടു്.

അക്കാലത്തു ഇംഗ്ലണ്ഡിലെ പ്രധാനമന്ത്രി സർ റാബട്ട് വാൽപോൾ എന്ന മഹാനായിരുന്നു. അദ്ദേഹത്തി ന്റെ മരണാനന്തരം രാജ്യകാൎയ്യങ്ങൾക്ക് വളരെ കുഴപ്പമു ണ്ടായി. അപ്പോഴത്തെ രാജാവായിരുന്ന ജാൎജ്ജ് ദ്വിതീ യന് പിററിനോട്ട് പ്രീതിയില്ലായിരുന്നുവെന്നു വരികി ലും, രാജ്യത്തിലെ കുഴപ്പങ്ങളെ നീക്കം ചെയ്യുന്നതിന് പിററിന്റെ സഹായം ആവശ്യപ്പെടാതെയിരിക്കാൻ നി വൃത്തിയില്ലായിരുന്നു. ഇങ്ങനെയാണ് പിററ് പ്രധാന മന്ത്രിയായിത്തീൎന്നതു്.

ആ ഘട്ടം ഇംഗ്ലണ്ഡിന്ന് ഏററവും ക്ലേശകരമായ ഒന്നായിരുന്നു. സ്കാട്ട്ലണ്ഡ് ഇംഗ്ലണ്ഡിന്റെ നേൎക്ക് അസംതൃപ്തിയോടുകൂടി വൎത്തിക്കുകയായിരുന്നു. സ്ററുവട്ട് വംശജരിലൊരാൾ തിരിച്ചെ ഇംഗ്ലണ്ഡിലെ രാജാവാകണ മെന്നു താല്പൎയ്യമുള്ളവരായി ഇംഗ്ലണ്ഡിൽതന്നെ വളരെപ്പേ രുണ്ടായിരുന്നു. ഫ്രാൻസുമായി നടന്ന യുദ്ധത്തിൽ ഇംഗ്ലീ ഷുകാർ പല സ്ഥലങ്ങളിലും വച്ചു തോല്പിക്കപ്പെട്ടിരുന്നു. ഇംഗ്ലീഷുകാരുടെ വക മൈനാൎക്കാ എന്ന സ്ഥലം ഫ്രഞ്ചു

കാരുടെ കൈവശമാകയും ചെയ്തിരുന്നു. ചുരുക്കത്തിൽ പറയുന്നതായാൽ, ഇംഗ്ലീഷുകാക്ക് വളരെ ആശാഭംഗം തോന്നിയിരുന്ന ഒരു കാലമായിരുന്നു അതു്.

പിററ് പ്രധാനമന്ത്രിസ്ഥാനം കയ്യേററയുടനേ തന്നെ അദ്ദേഹം ജനങ്ങളുടെ നിരാശയെ നീക്കം ചെയ്യുന്നതിന് ഉദ്യമിച്ചു. "ഒരു ജനസമുദായമായിരിക്കുക; പൊതുജനക്ഷേമമൊഴികെ മററെല്ലാം വിസ്മരിക്കുക. അതിലേയ്ക്കു ദൃഷ്ടാന്തം ഞാൻതന്നെ നൽകുന്നു" എന്നും മററുമുള്ളവാക്കുകളാൽ അദ്ദേഹം ജനങ്ങളെ ഐകമത്യത്തോടുകൂടിയുള്ള പ്രവൃത്തികൾക്ക് ഉത്സാഹപ്പെടുത്തി. അദ്ദേഹത്തിൻെറ ഉത്തേജകങ്ങളായ പ്രസംഗങ്ങളും ധീരകൃത്യങ്ങളും നിമിത്തം ജനങ്ങൾക്ക് കൂടുതൽ ഉത്സാഹം ജനിച്ചു. അദ്ദേഹത്തിനോടു സംസാരിക്കാൻപോയ ഏതൊരാളും ധീരനായിട്ടേ തിരിയെ പോന്നിട്ടുള്ളു എന്നാണ് അക്കാലത്തു് പലരും പ്രസ്താവിക്കാറുണ്ടായിരുന്നതു്.

പിററിൻെറ ഭരണത്തിൽ രാജ്യകാര്യങ്ങൾക്ക് സന്തോഷകരമായ ഒരു മാററം ഉണ്ടായിത്തുടങ്ങി. ഫ്രെഞ്ചുകാർ, ആസ്റ്റ്രിയാക്കാർ, റഷ്യാക്കാർ എന്നിവരുടെ ആക്രമണത്തെ തടുത്തു യുദ്ധംചെയ്തുകൊണ്ടിരുന്ന പ്രഷ്യയിലെ മഹാനായ ഫ്രെഡറിക്ക് എന്ന രാജാവിന് കഴിവുള്ളിടത്തോളം സഹായംചെയ്യുന്നതിലേക്ക് അദ്ദേഹം നിശ്ചയിച്ചതിൻെറ ഫലമായി ഇംഗ്ലണ്ടിന്നു ചില സാരമായ നന്മകൾ സിദ്ധിച്ചു. അതുപോലെതന്നെ, സ്കാട്ട്ലണ്ടിലെ ഹൈലണ്ഡുകാരെ ശാന്തതപ്പെടുത്തുന്നതിലേക്ക് അദ്ദേഹത്തിന്നു സാധിച്ചതും ഒരു പ്രധാനസംഗതിയായിട്ടാണ് കരുതപ്പെട്ടിരിക്കുന്നതു്. അക്കാലംവരെ ഇംഗ്ലീഷുഭടന്മാർ

ഹൈലണ്ഡുകാരുടെ ശൌയ്യത്തെ ഹനിച്ച് അവരിൽനിന്ന് ഉപദ്രവമുണ്ടാകാതിരിക്കുന്നതിലേക്ക് ശ്രമിക്കുകയായിരുന്നു. എന്നാൽ പിററ് അവരുടെ സഹകരണം സമ്പാദിക്കുന്നതിനാണുദ്യമിച്ചതു്. അദ്ദേഹം അവരെ സൈന്യത്തിൽ ഭടന്മാരായി ചേത്തു. ഇതുനിമിത്തം, അനന്തരയുദ്ധങ്ങളിൽ അവരുടെ ധീരത ഇംഗ്ലീഷ്കാക്കു ഏററവും പ്രയോജനകരമായിരുന്നു.

ഒരാൾ എത്ര സമത്ഥനായ മഹാനായിരുന്നാലും എല്ലാകായ്യങ്ങളും തന്നത്താൻ നിവ്വഹിക്കുന്നതിനു് സാധിക്കുന്നതല്ലല്ലൊ. അതുകൊണ്ടു, മഹാന്മാർ ചെയ്യുന്നതു് അതതുജോലികൾക്കു്, അവയിൽ പ്രത്യേകസാമത്ഥ്യമുള്ളവരെ തിരഞ്ഞെടുത്തു് നിയമിക്കുകയാകുന്നു. ഇപ്രകാരമുള്ള വിവേകബുദ്ധി പിററം പ്രദശിപ്പിച്ചതു നിമിത്തം ഇംഗ്ലണ്ഡിനു് വളരെ പ്രയോജനമുണ്ടായിട്ടുണ്ടു്. അദ്ദേഹം പുതിയ ഉദ്യമങ്ങളുടെ നേതൃത്വം വഹിക്കുന്നതിലേക്കു് സമത്ഥന്മാരായ യുവാക്കന്മാരെ നിയമിച്ചു; അവർ ആ ഉദ്യമങ്ങളെ വിജയപൂവ്വം നിവ്വഹിക്കുകയും ചെയ്തു.

ഈ കാരണങ്ങളാൽ, താമസിയാതെതന്നെ, പരാജയങ്ങൾക്കു പകരം, വിജയങ്ങളെപ്പററിയുള്ള വത്തമാനങ്ങൾ സകല സ്ഥലങ്ങളിൽനിന്നും എത്തിത്തുടങ്ങി. ഫ്രെ-ൻ ബെംഗാൾ കീഴടക്കപ്പെട്ടു. രണ്ടുസംവത്സരം കഴിഞ്ഞപ്പോൾ അമേരിക്കയിലെ ക്വീബെക്ക്സംസ്ഥാനം കരസ്ഥമായി. ഏറെത്താമസിയാതെതന്നെ, രണ്ടുസ്ഥലങ്ങളിൽവച്ച് ഫ്രഞ്ചുകാരുമായി നടന്ന യുദ്ധങ്ങളിലും വിജയം സിദ്ധിച്ചു. ഇങ്ങനെ പലപ്രകാരത്തിലും ഇംഗ്ലണ്ഡിനു് ഐശ്വയ്യവും ലാഭവുമുണ്ടായ ശേഷമാണു

രാജാവ്, ജാർജ് ദ്വിതീയൻ, ചരമഗതിയെ പ്രാപിച്ചതു്. പിററിന്റെ ധൈര്യവും സാമത്ഥ്യവും നിമിത്തമല്ലായിരുന്നുവെങ്കിൽ ഈ ഐശ്വര്യം ഇംഗ്ലണ്ടിന്ന് അപ്പോഠം സിദ്ധിക്കുന്നതിന്ന എളുപ്പമില്ലായിരുന്നു.

എന്നാൽ, നിർഭാഗ്യവശാൽ, ഈ പന്ഥാവിൽ ദീർഘകാലം പ്രവത്തിക്കുന്നതിലേക്ക് പിററിന്ന സാധിച്ചില്ല. എന്തെന്നാൽ, പിന്നീട്ട് സ്ഥാനാരോഹണംചെയ്ത ജാർജ് തൃതീയൻ എന്ന രാജാവിന്റെ രസക്കേടുനിമിത്തം പിററ് തന്റെ സ്ഥാനം രാജിവെച്ചൊഴിഞ്ഞു അതിന്റെശേഷം ഏറെത്താമസിയാതെതന്നെ അദ്ദേഹത്തിനെ വീണ്ടും ക്ഷണിച്ച് മന്ത്രിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായെങ്കിലും, അദ്ദേഹം അല്പകാലം മാത്രമേ ആ സ്ഥാനം വഹിക്കുകയുണ്ടായുള്ളു. വടക്കേ അമേരിക്കയിൽ താമസമാക്കിയിരുന്ന ഇംഗ്ലീഷുവംശജന്മാരുടെ നീരസത്തെ വർദ്ധിപ്പിക്കത്തക്കവണ്ണം ഇംഗ്ലണ്ട് ആരംഭിച്ചിരുന്ന ചില പ്രവൃത്തികളെപ്പററി അദ്ദേഹത്തിന്ന് വളരെ ആക്ഷേപംതോന്നിയിരുന്നു. അവയെ തടുക്കുന്നതിലേക്ക് അദ്ദേഹം കഴിവുള്ളിടത്തോളം ശ്രമിക്കുകയും ചെയ്തിരുന്നു. എങ്കിലും ഫലമുണ്ടായില്ല. അല്പകാലം കഴിഞ്ഞു് അദ്ദേഹത്തിന്ന് "ചാതാമിലെ പ്രഭു" എന്നസ്ഥാനം ലഭിച്ചശേഷവും അദ്ദേഹം അമേരിക്കയുമായി സൌഹാർദ്ദപൂർവ്വം വർത്തിക്കേണ്ട ആവശ്യകതയെപ്പററി ശക്തിപൂർവ്വം പ്രസംഗിച്ചുവന്നു. "നിങ്ങഠംക്ക് അമേരിക്കയെ കീഴടക്കുന്നതിന്ന സാധിക്കയില്ല. ഞാൻ ഒരു അമേരിക്കക്കാരനായിരുന്നുവെങ്കിൽ ഞാൻ എന്റെ ആയുധങ്ങളെ ഒരിക്കലും, ഒരിക്കലും, ഒരിക്കലും താഴെവയ്ക്കുന്നതല്ല", എന്നാണ് അദ്ദേഹം ഒരവസരത്തിൽ പ്രസ്താവിച്ചതു്.

പിററിൻെറ ജീവിതത്തിലെ അന്ത്യഘട്ടം പരിതാപകരമായ ഒന്നായിരുന്നു. അദ്ദേഹം ഒരു വാതരോഗിയായിരുന്നതിനാൽ ചിലപ്പോഠം കലശലായ വേദന സഹിച്ചുകൊണ്ടാണു് തൻെറ ജോലി നിവ്വഹിച്ചുവന്നതു്. ഈ സുഖക്കേടു് ഒടുവിൽ വളരെ വദ്ധിച്ചു. ഇങ്ങനെ സുഖക്കേടു് വദ്ധിച്ചിരുന്ന അവസരത്തിൽപോലും അദ്ദേഹത്തിനു് അമേരിക്കയെപ്പററി ഒരു പ്രസംഗംകൂടി ചെയ്യണമെന്നു താല്പയ്യംതോന്നി. ആസന്നമരണനായിരുന്ന അദ്ദേഹത്തിനെ ഒരു ചെറിയ മേനാവിലെടുത്തു് പാർലമെൻറിൽ പ്രഭുസഭയിലേക്കു കൊണ്ടുപോയി. അവിടെ എത്തിയശേഷം ഏതാനും വാക്കുകഠം സംസാരിക്കുന്നതിനുമാത്രമേ അദ്ദേഹത്തിനു സാധിച്ചുള്ളൂ; അപ്പോഠം ബോധരഹിതനായിനിലത്തുവീണു. തിരിയെ വീട്ടിലേക്കു കൊണ്ടുപോകപ്പെട്ടശേഷം ഏകദേശം അഞ്ചാഴ്ചകഴിഞ്ഞു്, അതായതു് ൧൭൭൮-ാമ മാസത്തിൽ, അദ്ദേഹം ചരമഗതിയെ പ്രാപിച്ചു.

വില്യംപിററ് ഉദ്യോഗമൊഴിഞ്ഞകാലത്തു്, ൧൭൬൧-ൽ, ഇംഗ്ലണ്ടിൻെറ നില സവ്വത്ര വിജയപ്രദമായിരുന്നുവെന്നും, അദ്ദേഹം മരിച്ചസമയത്താകട്ടെ ഇംഗ്ലൻഡിൻെറ പ്രമാദങ്ങഠം നിമിത്തം മിക്കരാജ്യക്കാരും ഇംഗ്ലൻഡിൻെറ ശത്രുക്കളായിത്തീന്നിരുന്നുവെന്നുമുള്ളതു് ആലോചിക്കുമ്പോഠം, ഒരു ഒററ മഹാനു് ഒരു രാജ്യത്തിനുവേണ്ടി എന്തു വലിയകാര്യങ്ങഠം നടത്താൻ സാധിക്കുമെന്നും, ഭരണനേതൃത്വത്തിൽനിന്നു് ആ മഹാൻ മാറുമ്പോഠം എന്തെല്ലാം ദോഷങ്ങഠം സംഭവിക്കുന്നതിനിടയുണ്ടെന്നുമുള്ളതു് സ്പഷ്ടമാകുന്നതാണു്.

ഒരു പ്രധാന സംഗതിയിൽ പിററ് അദ്ദേഹത്തിൻെറ പിൻഗാമികഠംക്കു് മഹത്തായ ഒരു ദൃഷ്ടാന്തം കാണി

ച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹത്തിൻെറ കാലത്തിനു മുമ്പ് മന്ത്രിമാരിൽ പലരും രാജ്യഭണ്ഡാരത്തിൽനിന്ന് വലിയ തുകകൾ തങ്ങളുടെ ആവശ്യത്തിനായി എടുത്തുവന്നിരുന്നു. ന്യായപ്രകാരവും പരസ്യമായും തനിക്ക് എടുക്കാവുന്നതൊഴികെ ഒരു ഒററക്കാശുപോലും തൊടുന്നതല്ലെന്നുള്ള സ്ഥിരവ്രതം ഇദംപ്രഥമമായി സ്വീകരിച്ച മന്ത്രി പിററായിരുന്നു. പണംസംബന്ധിച്ചുള്ള കാൎയ്യങ്ങളിൽ ഭരണകൎത്താക്കന്മാർ ആൎജ്ജവബുദ്ധികളല്ലാതിരിക്കുന്ന ഒരു നാട്ട് ശക്തിമത്തായിത്തീരുകയില്ലെന്നു ഗ്രഹിച്ചിരുന്ന ഒരു ഉത്തമ ദേശാഭിമാനിയായിരുന്നു ഈ മഹാൻ. അദ്ദേഹത്തിൻെറ കാലശേഷം പൊതുക്കാൎയ്യങ്ങളിൽ അതിനുമുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ശുദ്ധിയും സത്യവും ദൃശ്യമായിത്തുടങ്ങിയതായി ചരിത്രകൎത്താക്കന്മാർ പ്രസ്താവിച്ചിരിക്കുന്നു.

---

## ജാൎജ് വാഷിംഗ്ടൺ.

---

അമേരിക്കയിൽ കുടിയേറിപ്പാൎത്തിരുന്ന ഇംഗ്ലീഷ്കാരും മാതൃരാജ്യഗവൺമെൻറും തമ്മിലുണ്ടായ വഴക്കിൽ ആദ്യം പറയപ്പെട്ടവരുടെ നേതാവായി യുദ്ധംചെയ്കയും ഒടുവിൽ അവിടെ ജനപ്രാതിനിധ്യരാജ്യഭരണം ഏൎപ്പെടുത്തിയപ്പോൾ ഒന്നാമത്തെ പ്രസിഡൻററായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത മഹാനായിരുന്നു ജാൎജ് വാഷിംഗ്ടൺ. ഇദ്ദേഹത്തിൻെറ ജീവചരിത്രത്തിൻെറ വൈശിഷ്ട്യം ഗ്രഹിക്കുന്നതിലേക്ക്, മേൽപറഞ്ഞ വഴക്കിൻെറ സ്വഭാവം അല്പം മനസ്സിലാക്കേണ്ടതാണ്.

പതിനേഴാംശതാബ്ദത്തിന് വളരെ സംവത്സരങ്ങൾക്ക മുമ്പ് അനേകം ഇംഗ്ലീഷുകാർ വടക്കേഅമേരിക്കയിൽ പോയി കുടിയേറിപ്പാർത്തിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ അവിടെവച്ച് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. കാനഡാസംസ്ഥാനം ഇംഗ്ലീഷുകാൎക്ക ലഭിച്ചതോടുകൂടി ആ യുദ്ധം പൎയ്യവസാനിച്ചു. ഈ വിജയംനിമിത്തം വടക്കേഅമേരിക്കയിലെ കുടിപാർപ്പുകാരായ ഇംഗ്ലീഷുകാൎക്ക് ഫ്രഞ്ചുകാരിൽനിന്നുള്ള ഉപദ്രവത്തിൽനിന്ന് രക്ഷ ലഭിച്ചതിനാൽ, യുദ്ധച്ചെലവിൻെറ ഒരു അംശം അവരുംനൽകണമെന്നുബ്രിട്ടീഷ്ഗവണ്മെൻറ് തീൎച്ചപ്പെടുത്തി. ഇതുമാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളുവെങ്കിൽ കുടിപാർപ്പുകാർ പക്ഷെ നൽകുമായിരുന്നു. എന്നാൽ ഇതിനുംപുറമെ, ബ്രിട്ടീഷ്ഗവണ്മെൻറ അവരുടെ വാണിജ്യം, ചവുക്കത്തീരുവ എന്നീ കാൎയ്യങ്ങളിലും പ്രവേശിച്ചപ്പോൾ അത് ന്യായവിരുദ്ധമാണെന്ന് കുടിപാർപ്പുകാർ വാദിച്ചുതുടങ്ങി. ഈ വാദംനിമിത്തം ചില കാൎയ്യങ്ങളിൽ ബ്രിട്ടീഷ്ഗവണ്മെൻറ് കീഴടങ്ങി. എന്നാൽ കുടിപാർപ്പുസ്ഥലങ്ങളിൽ ഇറക്കുമതി ചെയ്യുന്ന തേയിലക്ക് ഒരു ചെറിയ തീരുവ ചുമത്തണമെന്ന് നിശ്ചയിച്ചു. ഇപ്രകാരമുള്ള ഒരു തീരുവ ചുമത്തുന്നതിന് തങ്ങൾക്ക് അധികാരമുണ്ടെന്നു കാണിക്കണമെന്നായിരുന്നു ഇംഗ്ലണ്ടിലെ മന്ത്രിമാരുടെ നിൎബ്ബന്ധം. പാർലമെൻറിലേക്ക് മെംബർമാരെ തിരഞ്ഞെടുത്തയക്കാതിരിക്കുന്നവരുടെമേൽ കരം ചുമത്തുന്നതിലേക്ക് പാർലമെൻറിന്ന് അധികാരമില്ലെന്നു കുടിപാർപ്പുകാരും വാദിച്ചു. ഈ വഴക്കു വൎദ്ധിച്ചാണു ഒടുവിൽ രണ്ടുകൂട്ടരും തമ്മിൽ യുദ്ധം ആരംഭിച്ചത്.

൧൭൫൪-ലാണ് ഇതുസംബന്ധിച്ചുള്ള ഒന്നാമത്തെ യുദ്ധം നടന്നതു്. ആദ്യം കുടിപാർപ്പുകാക്ക് ചില ജയങ്ങളുണ്ടായെങ്കിലും പിന്നീട അവക്ക തോൽവി സംഭവിച്ചു. ഈ ഘട്ടത്തിൽ അവർ സേനാനായകനായി നിയമിച്ചതു് ജാർജ്ജ് വാഷിംഗ്ടനെയായിരുന്നു.

വാഷിംഗ്ടൻെറ ജനനം ൧൭൩൨-ലായിരുന്നു. അദ്ദേഹം ഇംഗ്ലീഷ് വംശജനായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ കുടുംബം ദീർഘകാലമായി അമേരിക്കയിൽ വെർജീനിയാ എന്ന സ്ഥലത്തു് താമസിക്കുകയായിരുന്നു. ബാല്യത്തിൽതന്നെ വാഷിംഗ്ടൺ സ്വഭാവോന്നതിക്കുള്ള ദൃഷ്ടാന്തങ്ങൾ പ്രകാശിപ്പിച്ചിരുന്നു. സത്യസന്ധത, ആർജ്ജവം, ധൈര്യം എന്നിവ അദ്ദേഹത്തിൻെറ ചില ഗുണവിശേഷങ്ങളായിരുന്നു. വിവേകബുദ്ധിയും വിജ്ഞാനസമ്പത്തും പ്രകാശിപ്പിക്കുന്ന വാക്കുകൾമാത്രമേ അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിരുന്നുള്ളു. തൻെറ സ്ഥാനവലിപ്പത്തെ സ്വാർത്ഥലാഭത്തിനായിവിനിയോഗിക്കുന്ന ആളല്ലാ വാഷിംഗ്ടൺ എന്നു് അദ്ദേഹത്തിനെപ്പററി അറിവുള്ള സകല ജനങ്ങൾക്കും ബോദ്ധ്യമായിരുന്നു.

അമേരിക്കയിലെ കുടിയേറിപ്പാർപ്പുകാക്ക് ഇപ്രകാരമുള്ള ഒരു സേനാനായകൻെറ സാന്നിദ്ധ്യം അപരിത്യാജ്യമെന്നുള്ള നിലയിലായിരുന്നു ൧൭൭൫-ലെ യുദ്ധനില. കുടിപാർപ്പുസ്ഥലങ്ങളായി പലതുമുണ്ടായിരുന്നു. ഇവയ്ക്കുതന്നെ തമ്മിൽ ഐകമത്യമില്ലായിരുന്നു. പലതും പരസ്പരം അസൂയയോടുകൂടിയാണ് വർത്തിച്ചുവന്നതു്. അതിനുപുറമെ, ഉദ്യോഗസ്ഥന്മാരിൽ പലരും ആജ്ഞകളെ പരസ്യമായി ലംഘിച്ചും വന്നു. ഈ ഘട്ടത്തിലാണ് അവർ ധീരനായ ജാർജ്ജ് വാഷിംഗ്ടനെ സേനാനായകനായി

തിരഞ്ഞെടുത്തതു്. അപ്പോൾമുതൽക്കു് വാഷിംഗ്ടന്റെ ധീരതയുടേയും സാമൎത്ഥ്യത്തിന്റേയും ഫലങ്ങൾ കണ്ടു തുടങ്ങി. ആദ്യമായുണ്ടായ യുദ്ധത്തിൽ അദ്ദേഹത്തിന്റെ സൈന്യം ബ്രിട്ടീഷുകാരെ തോല്പിച്ചു. ബ്രിട്ടീഷുകാർ ഉടനേ തന്നെ ന്യൂയാൎക്കു് പട്ടണത്തിൽ മാറിത്താമസിച്ചുകൊണ്ടു് യൂറോപ്പിൽനിന്നു് കൂടുതൽ സൈന്യങ്ങളെ വരുത്തി. ഇങ്ങനെ വരുത്തപ്പെട്ടവരിൽ പലരും ജൎമ്മൻകാരായി രുന്നു. ബ്രിട്ടീഷ് ഗവണ്മെന്റ് ജൎമ്മൻകാരെ കൂലിക്കുവരു ത്തി ബ്രിട്ടീഷുകാരായ ഒരുകൂട്ടരുടെ നേൎക്കുതന്നെ യുദ്ധം ചെയ്യിച്ചതിനാലും മററും കുടിപാർപ്പുകാരുടെ നീരസം വൎദ്ധിച്ചു. അപ്പോൾ പതിമൂന്നു കുടിപാർപ്പുസ്ഥലങ്ങളാ ണുണ്ടായിരുന്നതു്. ഇവയിലെ പ്രതിനിധികൾ ഒരു യോഗം കൂടി തങ്ങൾ മേലാൽ ബ്രിട്ടീഷ് ഗവണ്മെണ്ടിനു് അധീനരായിരിക്കുന്നതല്ലെന്നു് തീരുമാനിച്ചു. ഇതു് ൧൭൭൬-ലായിരുന്നു. അപ്പോൾതന്നെ അവർ തങ്ങളുടെ രാജ്യങ്ങൾക്കു് "അമേരിക്കയിലെ ഐക്യനാടുകൾ" എന്നു് പേർ നൽകുകയും ചെയ്തു.

അതിന്റെശേഷം കുറേകാലത്തേക്കു ജയം ബ്രിട്ടീഷു കാരുടെ വശത്തായിരുന്നു. ഒരു സ്ഥലത്തുവെച്ചുണ്ടായ യുദ്ധത്തിൽ ബ്രിട്ടീഷുകാർ അമേരിക്കൻ സൈന്യങ്ങളെ നിശ്ശേഷം പരാജിതരാക്കുകയുണ്ടായി. ഈ ഘട്ടത്തിൽ വാഷിംഗ്ടനല്ലാതെ മററുവല്ലയാളുമാണു് സേനാനായക നായിരുന്നതെങ്കിൽ മേലാൽ ആശയ്ക്കു് തീരെ ഇടയില്ലാ ത്ത വിധത്തിൽ അമേരിക്കൻ സൈന്യം നശിച്ചുപോ കുമായിരുന്നു. തോൽവി നിമിത്തമുണ്ടായ ഭഗ്നോത്സാഹ ത്താൽ ഭടന്മാരിൽ പലരും ഒളിച്ചോടിപ്പോകയും, വേറെ പലരും, തങ്ങളുടെ ഉദ്യോഗകാലാവധി കഴിഞ്ഞിരുന്നതി

നാൽ, രാജിവച്ചു പിരിയുകയും ചെയ്തു. ശേഷമുള്ളവക്കു വേണ്ട വസ്ത്രാദികൾക്കോ ശരിയായ ഭക്ഷണത്തിനൊ നിവൃത്തിയില്ലായിരുന്നു; അവർ ലഹളയ്ക്കുള്ള ലക്ഷണങ്ങൾ കാണിച്ചുതുടങ്ങുകയും ചെയ്തിരുന്നു. ഇപ്രകാരമെല്ലാമായിരുന്നിട്ടും വാഷിംഗ്ടൺ നിരാശനായി ഭവിച്ചില്ല. അദ്ദേഹം തന്റെ ശേഷിച്ച ഭടന്മാരെ ഉത്സാഹപ്പെടുത്തി ശിശിരകാലം കഴിയുന്നതുവരെ അവരെ ഒരു സ്ഥലത്ത് താമസിപ്പിക്കുകയും, അനന്തരം വീണ്ടും യുദ്ധം ആരംഭിക്കുകയും ചെയ്തു. ഈ യുദ്ധം അഞ്ചാറുവഷത്തേക്കു നീണ്ടു നിന്നു. ഇതിനിടയിൽ രണ്ടുകൂട്ടക്കും ജയാപജയങ്ങളുണ്ടായിക്കൊണ്ടുമിരുന്നു. ഒടുവിൽ രണ്ടുകക്ഷിക്കാരും ക്ഷീണിച്ചു. അപ്പോൾ ബ്രിട്ടീഷ് ഗവണ്മെൻറ് ഐക്യനാടുകളുമായി സമാധാന ഉടമ്പടിചെയ്തുയും, ഐക്യനാടുകളുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും ചെയ്തു. ഇതിനിടയിൽ ഐക്യനാടുകളുടെ ഏകാധിപതിയായി സ്വയംപ്രഖ്യാപനം ചെയ്യണമെന്ന് വാഷിംഗ്ടനോടു ജനങ്ങൾ അപേക്ഷിക്കുകയുണ്ടായെങ്കിലും, തന്റെ ദേശാഭിമാനം നിമിത്തം, അദ്ദേഹം ആ അപേക്ഷയെ സ്വീകരിക്കാതെ അപ്രസിദ്ധജീവിതം മതിയെന്നു നിശ്ചയിച്ച് കുറെക്കാലം മാറിത്താമസിച്ചു.

ഒടുവിൽ, ൧൭൮൯-ൽ, അമേരിക്കാക്കാർ ജനപ്രാതിനിധ്യ രാജ്യഭരണം ഏപ്പെടുത്തിയപ്പോൾ ഒന്നാമത്തെ പ്രസിഡൻറായി വാഷിംഗ്ടനെ തിരഞ്ഞെടുക്കുകയും അദ്ദേഹം ആ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. വാഷിംഗ്ടന്റെ വിവേകപൂവ്വമായ ഭരണത്തിനിടയിൽ രാജ്യത്തിൽ വളരെ അഭിവൃദ്ധിയുണ്ടായി; പുതിയ ഭരണഘടനയുടെ അടിസ്ഥാനം കുറെക്കൂടി ബലപ്പെടുകയും ചെയ്തു.

അദ്ദേഹത്തിന്റെനേക്കു ജനങ്ങൾക്കു് തോന്നിയിരുന്ന ആദരവും വിശ്വാസവും നിമിത്തം ൧൭൯൨-ൽ അദ്ദേഹത്തിനെ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുത്തു. ഈ കാലാവധി കഴിഞ്ഞശേഷവും പ്രസിഡന്റായി അദ്ദേഹത്തിനെത്തന്നെ തിരഞ്ഞെടുക്കണമെന്നായിരുന്നു ജനങ്ങളുടെ താല്പര്യം. എന്നാൽ അതിലേയ്ക്കു് സമ്മതിക്കാതെ അദ്ദേഹം തിരഞ്ഞെടുപ്പിൽ നിന്നു് പിന്മാറുകയാണു ചെയ്തതു്. തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ സ്ഥാപകനായി അമേരിക്കാക്കാരാൽ നന്ദിപൂർവ്വം സ്മരിക്കപ്പെടുന്ന ഈ മഹാൻ ൧൭൯൯-ൽ ലോകാന്തരപ്രാപ്തനായി.

സദാചാരനിഷ്ഠ, ആഡംബരരാഹിത്യം, സത്യസന്ധത, ധൈര്യം, ഭരണസാമർത്ഥ്യം മുതലായ ഗുണങ്ങളാൽ ജോർജ്ജ് വാഷിംഗ്ടന്റെ നാമധേയം ലോകചരിത്രത്തിൽ ഏററവും ഉൽകൃഷ്ടമായ ഒരു സ്ഥാനത്തു് സദാ ശോഭിക്കുന്നതാണു്.

---

# വില്യം പിററ്

(പുത്രൻ.)

---

ഒരു ആപൽഘട്ടത്തിൽ സ്വരാജ്യത്തിനുവേണ്ടി പല നന്മകളും ചെയ്തു് ശ്രേയസ്കരമായ വിധത്തിൽ ഭരണകാര്യങ്ങൾ നടത്തിയ വില്യംപിററിന്റെ—അഥവാ ചാതാമിലെ പ്രഭുവിന്റെ—ദ്വിതീയ പുത്രനായിരുന്നു രണ്ടാമത്തെ വില്യംപിററു. ഒരു പ്രശസ്തപിതാവിന്റെ പ്രശസ്തപുത്രനായ ഇദ്ദേഹം ൧൭൫൯-ൽ ഭൂലോകജാത

നായി. കേംബ്രിഡ്ജ് സൎവ്വകലാശാലയിൽ നിന്നു വിദ്യാഭ്യാസം കഴിച്ചശേഷം പിററ് ഇരുപത്തിയൊന്നാമത്തെ വയസ്സിൽ പാർലമെൻറിലെ സാമാജികനായി തിരഞ്ഞെടുക്കപ്പെട്ടു. ഇത്ര ചെറുപ്പത്തിൽ ഒരാൾക്കു ഈ ബഹുമതി ലഭിക്കുക അസാധാരണമാണെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ.

വില്യംപിററ് ഇങ്ങനെ പൊതുക്കാൎയ്യങ്ങളിൽ പ്രവേശിച്ചകാലത്തു് ഇംഗ്ലണ്ടിലെ രാജ്യകാൎയ്യങ്ങൾ വളരെ കുഴപ്പത്തിലായിരുന്നു. അമേരിക്കയിലെ കുടിപാർപ്പുകാരുമായുള്ള യുദ്ധത്തിനു പുറമേ, യൂറോപ്പിലെ ഏകദേശം പകുതി രാജ്യക്കാരുമായി ഇംഗ്ലണ്ടു യുദ്ധത്തിൽ ഏൎപ്പെട്ടിരുന്നു. അയർലണ്ടിൽ പല ലഹളകളുമുണ്ടായിക്കൊണ്ടുമിരുന്നു.

തൻെറ അസാധാരണമായ വാഗ്മിത്വംകൊണ്ടും സാമൎത്ഥ്യംകൊണ്ടും പിററ് വേഗത്തിൽ ബഹുജനങ്ങളുടെ ശ്രദ്ധയെ ആകൎഷിച്ചു. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ധനകാൎയ്യമന്ത്രിസ്ഥാനവും അടുത്തകൊല്ലം പ്രധാനമന്ത്രിസ്ഥാനവും അദ്ദേഹത്തിനു് ലബ്ധമായി. ഇത്ര ചെറുപ്പത്തിൽ—ഇരുപത്തിനാലാമത്തെ വയസ്സിൽ—പിററ് പ്രധാനമന്ത്രിയായതിനെപ്പററി പലൎക്കും അസൂയ തോന്നിയിരുന്നു. "കുറെ കുട്ടികൾ മന്ത്രിമാരുടെ വേഷമിട്ടു കളിക്കുകയാണു്; അവരെ തിരിച്ചു പള്ളിക്കൂടത്തിലയക്കേണ്ടതാണു്" എന്നു പിററിൻെറ എതൃകക്ഷിയിലുൾപ്പെട്ട ഒരാൾ അക്കാലത്തു് പറഞ്ഞു് ആക്ഷേപിക്കുകയുണ്ടായത്രേ.

പിററിൻെറ ഉദ്യോഗകാലാരംഭം വലുതായ ഒരു ദുർഘടഘട്ടമായിരുന്നു. അദ്ദേഹത്തിനെ സഹായിക്കുന്ന

തിന്ന് പ്രായവും പരിചയവുമുള്ളവരായി ആരുമില്ലായിരുന്നു. പരാജയങ്ങളും നഷ്ടങ്ങളുംകൊണ്ടു് ജനങ്ങൾ വ്യാകുലരായിരുന്നു. പാർലമെൻററിൽ തന്നെ ഭൂരിപക്ഷം അദ്ദേഹത്തിന്നെതിരായിരുന്നുവെന്നുള്ളതു കൂടി ആലോചിക്കുമ്പോൾ പിററിൻെറ പ്രയാസങ്ങൾ എത്രമാത്രമായിരുന്നുവെന്നു് ഊഹിക്കാവുന്നതാണു്. എങ്കിലും അധൈര്യപ്പെടാതെ യുവാവായ മന്ത്രി തൻെറ പ്രയത്നത്തെ തുടൎന്നു. സ്വശക്തിയിലും സ്വരാജ്യക്കാരിലും വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണു് അദ്ദേഹത്തിന്നു് അധൈര്യം തോന്നാഞ്ഞതു്. "എനിക്കു് ഈ രാജ്യത്തെ രക്ഷപ്പെടുത്തുവാൻ സാധിക്കുമെന്നും വേറൊരാൾക്കും സാധിക്കുകയില്ലെന്നും എനിക്കു് വിശ്വാസം തോന്നുന്നു" എന്നു് ഒരവസരത്തിൽ അദ്ദേഹം പറയുകയുണ്ടായി. ഇതു് അൎത്ഥശൂന്യമായ ആത്മപ്രശംസയല്ലായിരുന്നു; നേരെമറിച്ചു്, ഇതു് സമൎത്ഥനായ ഒരാളിൻെറ ആത്മവിശ്വാസത്തെയാണു് പ്രത്യക്ഷമാക്കിയതു്. സകലജനങ്ങൾക്കും അദ്ദേഹത്തിൻെറ ധൈര്യം, സാമൎത്ഥ്യം, പ്രസംഗകുശലത, സദ്വൃത്തി എന്നിവയെപ്പററി ബഹുമാനം തോന്നിയിരുന്നു. പിതാവിൻെറ സ്വഭാവശുദ്ധി പുത്രൻെറ ഓരോ പ്രവൃത്തിയിലും പ്രസംഗത്തിലും പ്രകാശിച്ചിരുന്നുവെന്നാണു് ജനങ്ങൾ പറയാറുണ്ടായിരുന്നതു്.

പാർലമെൻറുസഭയിലെ ഭൂരിപക്ഷം അംഗങ്ങൾ തനിക്കു് പ്രതികൂലമായിരുന്നുവെന്നതുകൊണ്ടും പിററിന്നു നിരാശ തോന്നിയില്ല. അദ്ദേഹം പാർലമെൻറിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ സഹായത്തെ അപേക്ഷിച്ചു. അതുകൊണ്ടു് വീണ്ടും ഒരു തിരഞ്ഞെടുപ്പുണ്ടാകയും, പുതിയ പാർലമെൻററിൽ പിററിന്നു അനുകൂലമായ ഭൂരിപക്ഷം ലഭിക്കുകയും ചെയ്തു.

അദ്ദേഹത്തിൻെറ ശ്രദ്ധ ഒന്നാമതായി പതിയേണ്ടതായിരുന്നതു് ധനകാൎയ്യങ്ങളിലായിരുന്നു. ആയിടയ്ക്കുണ്ടായ യുദ്ധങ്ങൾനിമിത്തം ഗവൺമെണ്ടിൻെറ കടത്തിൽ ൧00,000,000 പവൻകൂടി വൎദ്ധിച്ചിരുന്നു. നികുതികളും തീരുവകളും ദുർഭരങ്ങളായിരുന്നു. ഈ നികുതികളെ കുറയ്ക്കുന്നതിനു് പിററ് ധൈൎയ്യപൂൎവ്വം ഉദ്യമിച്ചു. ഇതു നിമിത്തം മററുരാജ്യങ്ങളുമായുള്ള വാണിജ്യം വൎദ്ധിക്കുകയും വ്യാജവ്യാപാരം കുറയുകയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു് അദ്ദേഹം ഈ പരിഷ്കാരത്തിനു് ഉദ്യമിച്ചതു്. അദ്ദേഹത്തിൻെറ വിശ്വാസം അസ്ഥാനത്തിലായി ഭവിച്ചില്ല. എന്തെന്നാൽ വാണിജ്യത്തിനു് അഭിവൃദ്ധിയുണ്ടായതിനുപുറമെ ഇംഗ്ലണ്ടിലെ തുറമുഖങ്ങളിൽ നൽകേണ്ടിയിരുന്ന തീരുവകൾ കുറഞ്ഞപ്പോൾ വ്യാജമായി സാമാനങ്ങൾ കൊണ്ടുവന്നിരുന്നവൎക്കു് ലാഭമില്ലെന്നുകാണുകയാൽ അവർതന്നെ ആ ഏൎപ്പാടു ഉപേക്ഷിക്കുകയുമുണ്ടായി. ന്യായമായരീതിയിലുള്ള കച്ചവടം വൎദ്ധിച്ചപ്പോൾ സമുദ്രതീരങ്ങളിലെ ജനങ്ങളുടെ സ്വഭാവഗതിക്കുതന്നെ സന്തോഷകരമായ ഒരു മാററമുണ്ടായി. പൊതുവെ ജനങ്ങളുടെ ക്ഷേമം വൎദ്ധിക്കുകയുംചെയ്തു. തീരുവ ചുരുക്കിയതിൻെറ ഫലമായി ആകെയുള്ള മുതലെടുപ്പിനുണ്ടായ കുറവിനെ പരിഹരിക്കുന്നതിനായി അദ്ദേഹം ഒരു ആദായനികുതി ഏൎപ്പെടുത്തി. ഈ നികുതി സാധുക്കൾ നൽകേണ്ടിയിരുന്നില്ലാത്തതുകൊണ്ടു് അവൎക്കു് അതു് ഒരു ഭാരമായിരുന്നില്ല.

ഇപ്രകാരമുള്ള പല വ്യവസ്ഥകളാലും പിററ് രാജ്യത്തിൻെറ ക്ഷേമത്തെ, മുമ്പു് ഒരുകാലത്തും ഉണ്ടായിരുന്നിട്ടില്ലാത്ത വിധത്തിൽ വൎദ്ധിപ്പിച്ചു. നികുതികൾ പിന്നെയും ചുരുക്കുന്നതിനുവേണ്ടി ഗവൺമെണ്ടിൻെറ കടം കുറ

യ്യുന്നതിലേക്കു അദ്ദേഹം ചില വ്യവസ്ഥകൾ ചെയ്യുകയും ചെയ്തു.

പിററ് പതിനേഴുസംവത്സരകാലം പ്രധാനമന്ത്രിയുദ്യോഗം വഹിച്ചിരുന്നു. ൪൭-ാമത്തെ വയസ്സിലാണ് അദ്ദേഹം ചരമഗതിയെ പ്രാപിച്ചതു്.

ഫ്രാൻസിലെ കലാപങ്ങളാലും മററും ആ രാജ്യവുമായി മിക്കവാറും നിരന്തരമായ യുദ്ധം വേണ്ടിവരികയും ഗവണ്മെണ്ടിന് ഇതിലേക്കും മററുമായി വളരെപണം ആവശ്യപ്പെട്ടുകയും ചെയ്തിരുന്ന കാലത്തു് ഇത്രയുംകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു സാധിച്ച ഒരു മഹാൻെറ യോഗ്യതകൾ സാധാരണനിലയിലുള്ളവയല്ലെന്നു പ്രത്യേകം പറഞ്ഞേതീരു എന്നില്ലല്ലോ.

---

## മഹാനായ പീററർ ചക്രവത്തി.

---

പതിനേഴാം ശതാബ്ദത്തിൽ റഷ്യാ വിസ്താരത്തിൽ യൂറോപ്പിലെ ഏററവും വലിയരാജ്യമായിരുന്നുവെങ്കിലും പ്രാധാന്യത്തിലും പ്രസിദ്ധിയിലും വളരെ താണനിലയിലിരുന്നിരുന്നു. ഒരു ഒററ ആളിൻെറ ഭരണത്തിനിടയിലും, ആ ഒററ ആളിൻെറ ശ്രമങ്ങളാലുമാണ് റഷ്യ പെട്ടെന്ന് പാശ്ചാത്യദേശത്തിലെ മഹാരാജ്യങ്ങളിൽ ഒരു പ്രധാനസ്ഥാനത്തിനർഹമായി ഭവിച്ചതു്. ഈ അനിതരസാധാരണമായ സംഭവത്തിന് ഹേതുഭൂതനായ ആളായിരുന്നു മഹാനായ പീററർചക്രവത്തി.

ഇദ്ദേഹത്തിൻെറ ജനനം ൧൬൭൨-ലായിരുന്നു. അക്കാലത്തു് റഷ്യയുടെ നില ഏററവും പരിതാപകരമായ

ഒന്നായിരുന്നു. രാജ്യത്തിൻെറ കിഴക്കെ അതൃത്തിയിൽ പല അപരിഷ്കൃതരാജ്യക്കാരിൽ നിന്നു് ആക്രമണങ്ങളുണ്ടായിക്കൊണ്ടിരുന്നതിനാൽ അവരെ അകററിനിറുത്തുന്ന ജോലിയിലാണു് അക്കാലത്തു് റഷ്യ പ്രധാനമായി ഏപ്പെട്ടിരുന്നതു്. പതിനേഴാം ശതാബ്ദത്തിൻെറ മദ്ധ്യത്തോടുകൂടി ഈ ശ്രമങ്ങളിൽ അവക്ക് കുറെ വിജയം സിദ്ധിച്ചിരുന്നു. എന്നാൽ പടിഞ്ഞാറുവശത്തു് അന്യരാജ്യങ്ങളുമായുള്ള ബന്ധത്തിൽനിന്നു് അടച്ചുകളഞ്ഞതുപോലെയായിരുന്നു റഷ്യാരാജ്യത്തിൻെറ അതൃത്തികളുടെ കിടപ്പു്. ഇതുനിമിത്തം റഷ്യയിലെ പല ആചാരങ്ങളും പൌരസ്ത്യരീതി അനുസരിച്ചായിരുന്നു. പല അപരിഷ്കൃത നടപടികൾക്കും ജനങ്ങൾ വശംവദരായിരുന്നു. ഈ അപരിഷ്കൃതനിലയെ നീക്കംചെയ്യുന്നതിലേക്കു്, റഷ്യയും പാശ്ചാത്യരാജ്യങ്ങളുമായുള്ള സമ്പക്കത്തിനു മാൎഗ്ഗങ്ങൾ നോക്കുന്ന കാൎയ്യത്തിലാണു് പീററിൻെറ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു്.

ചക്രവത്തിയുടെ നിലവിട്ടു് ഒരു ആളിൻെറ നിലയിൽ നോക്കുന്നപക്ഷം പീററർ, മഹാൻ എന്ന ഖ്യാതിക്കു് അർഹനായിരുന്നില്ലെന്നാണു് പറയേണ്ടതു്. കേവലം ഭ്രാന്തന്മാരെപ്പോലെയുള്ള വിചാരഹീനമായ കോപം, പ്രതികാരബുദ്ധി മുതലായവയായിരുന്നു അദ്ദേഹത്തിൻെറ പ്രധാന ദുൎഗ്ഗുണങ്ങൾ. എന്നാൽ, നേരേമറിച്ചു്, അസാമാന്യമായ കൃത്യനിഷ്ഠ, ഹൃദയപൂൎവ്വമായ സ്വദേശസ്നേഹം, അനുകരണീയമായ സ്വാൎത്ഥപരിത്യാഗം, അക്ഷീണമായ പരിശ്രമശീലം, അതിയായ വിജ്ഞാനതൃഷ്ണ മുതലായ പല സൽഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ഭരണകൎത്താവിൻെറ നിലയിലാണു് അദ്ദേഹത്തിൻെറ മഹത്വം പ്രധാനമായി പ്രകാശിച്ചിരുന്നതു്.

അദ്ദേഹത്തിൻെറ ബാല്യകാലത്തിലെ ജീവിതരീതിയാണ് ചില ദുർഗ്ഗുണങ്ങൾക്കു കാരണമാക്കിയത്. തൻെറ ഇഷ്ടംപോലെ ഏതും പ്രവൎത്തിക്കാവുന്നവിധമുള്ള ഒരു സ്വാതന്ത്ര്യമാണ് ബാല്യകാലത്ത് പീററർക്കു നൽകപ്പെട്ടിരുന്നത്. ഇതുനിമിത്തം ദുരാചാരതല്പരന്മാരായ കുറെ സ്നേഹിതന്മാർ പീററർക്കുണ്ടായി. അവരുമായുള്ള സഹവാസത്തിനിടയിൽ പീററർക്ക് പുസ്തകവായനയിൽ പ്രതിപത്തി തോന്നിയിരുന്നില്ല. എന്നാൽ പ്രായോഗികപരിജ്ഞാനത്തിൽ വളരെ താല്പൎയ്യമുണ്ടായിരുന്നു. കൊല്ലൻെറ ആലയിലും ആശാരിയുടെ പണിപ്പുരയിലും പോയി എത്ര നേരവുമിരുന്ന് ജോലിചെയ്യുന്നതിനു പീററർക്ക് ഒരുമടിയും തോന്നിയിരുന്നില്ല. കായികാദ്ധ്വാനത്തിലുള്ള ഈ പ്രതിപത്തി ഭാവിയിൽ അദ്ദേഹത്തിനു സഹായകരമായിരുന്നുവെന്ന് നമുക്ക് പിന്നാലെ കാണാവുന്നതാണ്.

പതിനേഴാമത്തെവയസ്സിൽ പീററർ ഭരണനിർവ്വഹണചുമതല കയ്യേററു. സൈന്യപരിഷ്ക്കാരത്തിലാണ് അദ്ദേഹത്തിൻെറ ശ്രദ്ധ ആദ്യമായി പതിഞ്ഞത്. പരിഷ്കൃതരാജ്യങ്ങളിൽനിന്ന് ഉദ്യോഗസ്ഥന്മാരെ വരുത്തി അദ്ദേഹം തൻെറ സൈന്യത്തെ ഡ്രില്‍ മുതലായവ പരിശീലിപ്പിച്ചു. അതിൻെറ ശേഷം സൈന്യസമേതം ആസവ് സമുദ്രത്തിലേക്കു പുറപ്പെട്ട്, ആസ്‌വപട്ടണം ടക്കികളുടെ അധീനത്തിൽനിന്ന് കൈവശമാക്കി. ഒരു തുറമുഖമില്ലെന്നുള്ള ന്യൂനത ഇങ്ങനെ പരിഹരിക്കപ്പെട്ടതോടുകൂടി ഒരു കപ്പൽസമൂഹം ഏൎപ്പെടുത്തുന്ന വിഷയത്തിൽ പീറററിൻെറ ശ്രദ്ധ പതിഞ്ഞു. ഇതിലേക്കായി അദ്ദേഹം ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്ന് കപ്പൽ പണിക്കാരെ വരുത്തുകയും താമസിയാതെതന്നെ ഒരു ചെറിയ കപ്പൽസമൂഹം പണിയിക്കയുംചെയ്തു.

ഏററവും സമത്ഥന്മാരായ ജോലിക്കാരുടെ കീഴിൽ കപ്പൽപണി സ്വയം പഠിക്കുന്നതിനായി അദ്ദേഹം ഏതാനും സ്നേഹിതന്മാരോടുകൂടി ആദ്യം ഹാളൻഡിലേക്കും അനന്തരം ഇംഗ്ലണ്ടിലേക്കും പുറപ്പെട്ടു. "ഒരുകാൎയ്യം ഉത്തമമായി നടത്തണമെങ്കിൽ തന്നെത്താൻ ചെയ്യുക" എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. ഒരു സാധാരണ കൂലിവേലക്കാരന്റെ വസ്ത്രങ്ങൾ ധരിച്ച് അദ്ദേഹം ഹാളൻഡിലെ കപ്പൽപണിസ്ഥലങ്ങളിൽ നാലു മാസക്കാലം വേലചെയ്തു്, ഇതുസംബന്ധിച്ചുള്ള വിവരങ്ങളെല്ലാം ഗ്രഹിച്ചു.

കപ്പൽപണിയിൽ മാത്രമല്ല, ഇതരപണികളിലും ചക്രവൎത്തിയുടെ ശ്രദ്ധ പതിഞ്ഞിരുന്നു. സമീപമുള്ള കടലാസുവ്യവസായശാലകൾ, ധാന്യചൂൎണ്ണനിൎമ്മാണശാലകൾ, അച്ചടിശാലകൾ മുതലായ എല്ലാ വ്യവസായശാലകളേയും അദ്ദേഹം സന്ദൎശിക്കുകയും അവയിലെ ജോലിക്കാൎക്ക് അത്ഭുതത്തെ ജനിപ്പിക്കുമാറു് ആ പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശീഘ്രത്തിൽ ഗ്രഹിക്കുകയും ചെയ്തു.

ഹാളൻഡിൽനിന്നു് അദ്ദേഹം നേരെ ഇംഗ്ലണ്ടിലേക്കാണു പോയതു്. അവിടെയും അദ്ദേഹം രാജകീയപദവികളും സുഖാനുഭോഗങ്ങളുമെല്ലാം വജ്ജിച്ചു് ഒരു കൂലിവേലക്കാരനെപ്പോലെ ജോലിചെയ്തു് കപ്പൽപണിസംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രഹിച്ചു.

ഇംഗ്ലണ്ടിൽനിന്നു തിരിച്ചു പോകുമ്പോൾ അദ്ദേഹം അവിടെനിന്നു് എൻജിനീയർമാരായും ഖനികളിലെ ജോലിക്കാരായും ഇരിമ്പുപണിക്കാരായും മററും എഴുനൂറു വേലക്കാരെക്കൂടി സ്വരാജ്യത്തിലേക്കു കൊണ്ടുപോയി.

റഷ്യയിൽ റോഡുകൾ, പാലങ്ങൾ, തോടുകൾ, കപ്പലുകൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ മുതലായവ ഉണ്ടാക്കുന്നതിലേക്കായിട്ടാണ് അദ്ദേഹം ഈ ജോലിക്കാരെ കൊണ്ടുപോയതു്.

റഷ്യയിൽ തിരിച്ചെത്തി അവിടെയുണ്ടായ ചില ചില്ലറ കലാപങ്ങളെ അമർച്ച്ചെയ്തതിന്റെ ശേഷം അദ്ദേഹം ഉദ്യമിച്ചതു് ജർമ്മനിലെ മാതൃകയിൽ റഷ്യൻസൈന്യത്തെ പരിഷ്കരിക്കുന്നതിനായിരുന്നു. ഇതിലേക്കായി ജർമ്മനിയിൽനിന്ന് ഉദ്യോഗസ്ഥന്മാരെ കൂടാതെ ആയുധങ്ങൾ, ഉടുപ്പുകൾ മുതലായവയും വരുത്തുകയുണ്ടായ. അദ്ദേഹംതന്നെ സൈന്യത്തിൽ ഒരു വെറും ഭടനായി ച്ചേരുകയും, പടിപ്പടിയായി ഏററവും ഉയന്നസ്ഥാനത്തെത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അവിടെയുള്ള ചെറുപ്പക്കാരായ പ്രഭുക്കന്മാരും ഇപ്രകാരം പ്രവത്തിച്ചു.

സൈന്യപരിഷ്കാരത്തിനുശേഷം, ബാൾട്ടിക്കു് സമുദ്രത്തിൽ ഒരു തുറമുഖം ലഭിക്കുന്ന കാര്യത്തിലാണ് ചക്രവത്തിയുടെ ശ്രദ്ധ പതിഞ്ഞതു്. ബാൾട്ടിക്ക് സംസ്ഥാനങ്ങളെല്ലാം സ്വീഡൻരാജ്യത്തിന്റെ വകയായിരുന്നു. ഇതു നിമിത്തം റഷ്യയും സ്വീഡനുമായി ഒരു വലിയ യുദ്ധം നടക്കേണ്ടിവന്നു. ഈ യുദ്ധത്തിൽ സ്വീഡനിലെ രാജാവിനേയും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന സൈന്യത്തെയും റഷ്യൻസൈന്യം നിശ്ശേഷം പരാജിതരാക്കി. ഈവിജയത്തെതുടന്ന് പീററർ കൂടുതൽ സ്ഥലസമ്പാദനത്തിനായി ശ്രമിക്കുകയും, ഏറെത്താമസിയാതെതന്നെ പോളൻഡ്മുതൽ ഫിൻലണ്ടു് ഉൾക്കടൽവരെയുള്ള സമുദ്രതീരപ്രദേശം മുഴുവൻ അദ്ദേഹത്തിന്റെ കൈവശമാകയും ചെയ്തു.

അക്കാലംവരെ മോസ്കോപട്ടണമായിരുന്നു റഷ്യയുടെ തലസ്ഥാനം. ഇതു്, മിക്കവാറും, രാജ്യമദ്ധ്യത്തിലായിരുന്നതിനാൽ ഇതരപരിഷ്കൃതനഗരങ്ങളുമായുള്ള സമ്പക്കത്തിനു പ്രയാസമുണ്ടായിരുന്നു. അതിനാൽ, നീവാനദീതീരത്തിലും ഫിൻലണ്ടു് ഉൾക്കടലിലേക്കുള്ള പ്രവേശനദ്വാരത്തിലുമായി ഒരു പുതിയ തലസ്ഥാനനഗരം സ്ഥാപിക്കുന്നതിനു് അദ്ദേഹം തീച്ചപ്പെടുത്തി. ആ സ്ഥലം പ്രകൃത്യാ നനവുള്ളതും നീവാനദിയിൽനിന്നു് ജലപ്രവാഹമുണ്ടാകുന്നതിനു സൌകര്യമുള്ളതുമായിരുന്നിട്ടും പീററർ അദ്ദേഹത്തിന്റെ ഉദ്ദേശത്തിൽനിന്നു് പിന്മാറിയില്ല. തന്റെ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ഒരുലക്ഷം വേലക്കാരെ അദ്ദേഹം ശേഖരിക്കുകയും, തടിക്കായി വലിയ വനങ്ങളിൽനിന്നു് അനേകം വൃക്ഷങ്ങൾ പുതിയ നഗരത്തിലേക്കു കൊണ്ടുവരുവിക്കയും ചെയ്തു. അതിന്റെശേഷം, മഴക്കാലമെന്നോ വേനൽക്കാലമെന്നോ ഒന്നും നോക്കാതെ, നിരന്തരമായി ഒമ്പതുസംവത്സരക്കാലം പണിനടത്തി. ആഹാരവസ്ത്രാദികളില്ലാതെയും വേണ്ട ആയുധങ്ങളില്ലാതെയും വേലക്കാർ ഇതിനിടയിൽ വളരെ കഷ്ടപ്പെട്ടു. പലരും മരിക്കുകയും ചെയ്തു. എങ്കിലും ചക്രവത്തി ജോലിക്കാരെ ഉത്സാഹിപ്പിച്ചു് പണിനടത്തിച്ചുകൊണ്ടുതന്നെയിരുന്നു.

ഈ പുതിയ നഗരത്തിൽ താമസിക്കുന്നതിനു് മററു പ്രദേശങ്ങളിൽ നിന്നു് ൩൦,000 കൃഷീവലന്മാരെ അദ്ദേഹം വരുത്തി. റഷ്യയിലുള്ള ഓരോ പ്രഭുവിനേയുംകൊണ്ടു അദ്ദേഹം അവിടെ രണ്ടുനിലകളുള്ളതായ ഓരോ കെട്ടിടം പണിയിപ്പിച്ചു. അദ്ദേഹത്തിന്റെ വകയായിത്തന്നെ മനോഹരങ്ങളായ കൊട്ടാരങ്ങൾ, പള്ളികൾ, മററു സ്ഥാപനങ്ങൾ മുതലായവ അവിടെ ഉണ്ടാക്കി. മഹാ

നായ ചക്രവർത്തിയുടെ സ്ഥിരനിശ്ചയവും നിരന്തരപ്രയത്ന വും നിമിത്തം, ഇങ്ങനെ, വളരെ അസൗകര്യപ്രദമായിരുന്ന ഒരു സ്ഥലത്തു് ഇന്ദ്രജാലത്താലെന്നപോലെ ഒരു മനോ ഹരനഗരം ഉണ്ടായി. ഇതാണു് സെൻറ് പീറേറഴ്സ് ബർഗ് പട്ടണം. ഈ ഒരു പട്ടണംതന്നെ പീററർ ചക്രവർത്തിയുടെ സ്മരണയെ നിലനിറുത്തുന്നതിനു പര്യാ പ്തമായിട്ടുള്ളതാകുന്നു.

ഈ വക ശ്രമങ്ങളുടെ ആധിക്യവും ജീവിതക്രമത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച ഉപേക്ഷയും നിമിത്തം ക്ഷീണി ച്ചു് പീററർ ഫ്രെഡ-ൽ, അദ്ദേഹത്തിൻെറ ൫൩-ാമത്തെ വയസ്സിൽ, ചരമഗതിയെ പ്രാപിച്ചു. ഒരു രാജ്യത്തിനു പ്രകൃത്യാ എന്തെല്ലാം അസൗകര്യങ്ങളുണ്ടായിരുന്നാലും, ജനങ്ങൾ എത്ര അപരിഷ്കൃതരായിരുന്നാലും, ഒരു ഒററ ആളിൻെറ ദൃഢവ്രതവും സ്ഥിരപ്രയത്നവും നിമിത്തം ആ രാജ്യത്തേയും രാജ്യക്കാരേയും പ്രാധാന്യത്തിൽ കൊ ണ്ടുവരാൻ സാധിക്കുമെന്നുള്ളതിലേക്കു് മഹാനായ പീററർ ചക്രവർത്തിയുടെ ജീവചരിത്രം ഉത്തമദൃഷ്ടാന്തമാ കുന്നു. യൂറോപ്പിലെ മഹാശക്തികളിലൊന്നായി റഷ്യാ രാജ്യത്തെ സ്ഥാപിച്ചതു് അദ്ദേഹമായിരുന്നു. അനേ കം പുതിയ സംസ്ഥാനങ്ങൾ സമ്പാദിച്ചു് അദ്ദേഹം തൻെറ രാജ്യത്തോടു ചേർത്തു. അതിനുപുറമെ, അനേകം തോടുകൾ വെട്ടിക്കുകയും, പുതിയ വ്യവസായങ്ങൾ ഏൎപ്പെടുത്തുകയും, വിദ്യാലയങ്ങൾ, വായനശാലകൾ, മ്യൂസ്യങ്ങൾ, ചിത്രകലാശാലകൾ, പ്രതിമാനിൎമ്മാണശാല കൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു.

ഇപ്രകാരമുള്ള പല വിശിഷ്ടകൃത്യങ്ങളാലും അദ്ദേഹം "മഹാൻ" എന്ന പേരിന്ന് അർഹനായി ഭവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നാമധേയം നന്ദിപൂർവ്വം സ്മരിക്കപ്പെട്ടുവരികയും ചെയ്യുന്നു.

---

## നെൽസൺ പ്രഭു.

---

പതിനേഴാംശതാബ്ദത്തിൽ ഇംഗ്ലണ്ടും ഫ്രാൻസുമായി നടന്ന യുദ്ധങ്ങളിൽ ഇംഗ്ലണ്ടിലെ കപ്പൽസൈന്യത്തിന്റെ നേതൃത്വം വഹിച്ചു, ശത്രുക്കളെ പരാജിതരാക്കുകയും സമുദ്രാധിപത്യം ഇംഗ്ലണ്ടിന്നു സമ്പാദിച്ചുകൊടുക്കുകയും ചെയ്ത മഹാനായിരുന്നു നെൽസൺപ്രഭു.

ഹൊറേഷ്യോ നെൽസൺ ഇംഗ്ലണ്ടിൽ നാർഫാൾക്ക് എന്നസ്ഥലത്തുള്ള ഒരു ചെറിയഗ്രാമത്തിൽ ഫബ്രുവരിൽ ജാതനായി. അദ്ദേഹത്തിന്റെ അച്ഛൻ ഒരു പാതിരിയായിരുന്നു. ബാല്യത്തിൽ നെൽസൺ കായബലംകുറഞ്ഞ ഒരു കുട്ടിയായിരുന്നു. എന്നാൽ തന്റെ ധീരതയ്ക്കുള്ള ദൃഷ്ടാന്തങ്ങൾ അപ്പോൾമുതൽക്കുതന്നെ നെൽസൺ പ്രദർശിപ്പിച്ചുതുടങ്ങി. നെൽസണ് ഭയമെന്നുള്ളതു് എന്താണെന്നു് അറിയാൻ പാടില്ലായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയിട്ടുള്ളവരിലൊരാൾ പ്രസ്താവിച്ചിരിക്കുന്നതു്.

ഒരിക്കൽ നെൽസൺ തന്റെ പിതാവിന്റെ ഭവനത്തിൽപോയി താമസിച്ചിരുന്നു. അപ്പോൾ മററു ചില കുട്ടികളോടൊന്നിച്ച് നദീതീരങ്ങളിലുംമററും പോയിരിക്കുക പതിവായിരുന്നു. ഇങ്ങനെ ഒരവസരത്തിൽ

നെൽസൺ പോയിട്ടു് തിരിച്ചെ എത്തുന്നതിനു വളരെ താമസിച്ചു. ഭക്ഷണസമയമായിട്ടും നെൽസനെ കാണ്മാനില്ലായിരുന്നു. വീട്ടുകാർ അന്വേഷിച്ചുപോയി നോക്കിയതിൽ നെൽസൺ ഒരു പുഴയുടെ തീരത്തു്, അതു കടക്കാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിച്ചുകൊണ്ടു്, ഇരിക്കുന്നതായിട്ടാണു കണ്ടതു്. "കുഞ്ഞേ, വിശപ്പും ഭയവും നിമിത്തമെങ്കിലും, നീ ഇതിനുമുമ്പു തിരിച്ചെ എത്തുമെന്നാണ് വിചാരിച്ചതു്" എന്നു നെൽസൻെറ അമ്മൂമ്മ പറഞ്ഞപ്പോൾ, "ഭയമോ അമ്മൂമ്മെ! അതു ഞാൻ കണ്ടിട്ടില്ലല്ലൊ. അതു് എങ്ങനെയിരിക്കും?" എന്നായിരുന്നു ആ ബാലൻെറ മറുപടി.

അനദ്ധ്യായകാലം കഴിഞ്ഞു് വിദ്യാലയങ്ങൾ തുറന്നതായ ഒരവസരത്തിൽ നെൽസണും മൂത്ത സഹോദരനും കൂടി പാഠശാലയിലേക്കു തങ്ങളുടെ കുതിരകളിൽ കയറി പുറപ്പെട്ടു. പാഠശാല അവരുടെ ഭവനത്തിൽനിന്നു് കുറേ നാഴിക ദൂരെയായിരുന്നു. അപ്പോൾ മഞ്ഞു വളരെ കലശലായുള്ള കാലമായിരുന്നു. കുട്ടികൾ കുറേദൂരം പോയപ്പോൾ റോഡിൽ മഞ്ഞു് വളരെ അധികമായി കിടന്നിരുന്നതുനിമിത്തം മുന്നോട്ടുപോകുന്നതു് ഏററവും പ്രയാസകരമായി കണ്ടു. അപ്പോൾ പാഠശാലയിലേക്കു് പോകുന്നതിനു നെൽസൻെറ ജ്യേഷ്ഠനു തീരെ മനസ്സില്ലായിരുന്നു. അവർ തിരിച്ചെ എത്തി, എന്താണു വേണ്ടതെന്നു അവരുടെ പിതാവിനോടു ചോദിച്ചപ്പോൾ "മഞ്ഞു് അത്ര അധികമാണെങ്കിൽ നിങ്ങൾ പോകണമെന്നില്ല. എന്നാൽ അതു് ഞാൻ നിങ്ങളുടെ ന്യായബോധത്തിലേക്കായി വിടുന്നു," എന്നു് അദ്ദേഹം മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ, തങ്ങൾ ധൈര്യപൂർവ്വം പാഠശാലയിലേക്കു പോകയാണു വേണ്ടതെന്നു് ഹൊറേഷ്യോ നെൽ

സണു തോന്നി. "നാം പോകുന്നതു നമ്മുടെ ന്യായബോധത്തിലേക്കായി വിട്ടിരിക്കുന്നുവെന്നല്ലേ അച്ഛൻ പറഞ്ഞതു്? അതു് ഓമ്മിക്കണം ജ്യേഷ്ഠാ; നമുക്കു് അതുകൊണ്ടു് പോകാം", എന്നു പറഞ്ഞു് നെൽസൺ തൻെറ ജ്യേഷ്ഠനേയും ഉത്സാഹപ്പെടുത്തി പാഠശാലയിലേക്കു പോയി.

ഇതേപ്രകാരത്തിലുള്ള ധീരതതന്നെ നെൽസൺ നാവികവകുപ്പിൽ പ്രവേശിച്ചശേഷവും പ്രദർശിപ്പിച്ചു. ഇതിലേക്കുള്ള കായികശക്തിയില്ലായിരുന്നുവെങ്കിലും മാനസികശക്തി അസാധാരണമായ നിലയിൽ നെൽസണുണ്ടായിരുന്നു. ദേഹശക്തിയില്ലാത്തവക്കും മനശ്ശക്തിയുള്ള പക്ഷം എന്തെല്ലാം വലിയ കാര്യങ്ങൾ നിവ്വഹിക്കാമെന്നുള്ളതിനു് നെൽസൻെറ ജീവചരിത്രം ഒരു ദൃഷ്ടാന്തമാകുന്നു.

പന്ത്രണ്ടാമത്തെ വയസ്സിലാണു് നെൽസൺ കപ്പലിലെ ജോലിക്കായി പോയതു്. ബാല്യത്തിൽതന്നെ പല കപ്പൽ യാത്രകളിലും നെൽസണുകൂടി പോകുന്നതിനുള്ള അവസരം ലഭിച്ചു. ഇതു നിമിത്തം നാവികവിദ്യ സംബന്ധിച്ചുള്ള പല സംഗതികളും അപ്പോൾ മുതൽക്കു തന്നെ ഗ്രഹിക്കുന്നതിനു നെൽസണു് സൗകര്യമുണ്ടായി. ഈ യാത്രകൾക്കിടയിൽ ആർട്ടിക്കു് സമുദ്രത്തിൽവച്ചുണ്ടായ ഒരു സംഭവം നെൽസൻെറ ധീരതയ്ക്കു മറെറാരു ദൃഷ്ടാന്തമാകുന്നു. ഒരു ദിവസം മഞ്ഞു് ഉറഞ്ഞുകിടന്നിരുന്നതായ ഒരു പ്രദേശത്തു് നെൽസൺ ഒരു സ്നേഹിതനോടുകൂടി ഒരു കരടിയെ വേട്ടയാടുന്നതിനായി പോയി. നെൽസൺ കരടിയുടെ നേക്കു വെടിവച്ചു. എന്നാൽ വെടി തെററുകയാൽ കരടി നെൽസൻെറ നേക്കു

ചാട്ടമെന്നുള്ള നിലയിലായി. തോക്കിന്റെ അഗ്രംകൊണ്ടു് കരടിയെ അടിച്ചുകൊല്ലാമെന്നായിരുന്നു ബാലനായ നെൽസന്റെ അട്ടത്തനിശ്ചയം. അപ്പോൾ, ഭാഗ്യവശാൽ, കപ്പലിലുള്ളവർ ഈ അപകടനിലകണ്ടു് ഒരു പീരങ്കി വെടിവെയ്ക്കുകയും ഇതുകേട്ട ഭയന്നു് കരടി അവിടെനിന്നു് ഓടിക്കളകയും ചെയ്തു. ഇങ്ങനെ ചെയ്തിട്ടില്ലായിരുന്നുവെന്നുവരികിൽ വലുതായ ആപത്തിന്നു് ഇടവരുമായിരുന്നു. ഇതിനെപ്പററി ക്യാപ്ററൻ ശാസിച്ചപ്പോൾ നെൽസൺ പറഞ്ഞ മറുപടി, "കരടിത്തോൽ അച്ഛന്നു കൊണ്ടുപോയി കൊടുക്കുന്നതിന്നായി ഞാൻ കരടിയെ നിഗ്രഹിക്കാൻ ശ്രമിച്ചതാണു്" എന്നായിരുന്നു.

ചെറുപ്പമായിരുന്നപ്പോൾ തന്റെ ദേഹശക്തിക്കുറവുനിമിത്തം നെൽസണു് പലപ്പോഴും ഉത്സാഹശൂന്യത തോന്നിയിരുന്നു. എന്നാൽ തന്റെ രാജാവിന്നും രാജ്യത്തിന്നും വേണ്ടി പ്രവൎത്തിക്കുന്നതിലുള്ള സന്തോഷത്തെപ്പററിചിന്തിച്ചു് നെൽസൺ ഈ ഉത്സാഹശൂന്യതയെ അകററിവന്നു. "ഞാൻ ഒരു നായകനായിത്തീരും; ഈശ്വരസഹായത്താൽ എല്ലാ ആപത്തുകളോടും പോരാടി ജയിക്കുകയും ചെയ്യും" എന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു് ഈ ധീരനായ യുവാവു് തന്റെ ഉദ്യോഗകൃത്യങ്ങൾ ആരംഭിച്ചതു്.

നെൽസണു് ൨൧-ാമത്തെ വയസ്സിൽ കപ്പലിലെ പോസ്റ്റ്കാപ്ററൻ എന്ന സ്ഥാനവും ൩൪-ാമത്തെ വയസ്സിൽ ക്യാപ്ററൻ എന്ന സ്ഥാനവും ലഭിച്ചു. ആയിടയ്ക്കു് ഇംഗ്ലണ്ടും ഫ്രാൻസുമായുണ്ടായ നാവികയുദ്ധത്തിൽ ഒരു യുദ്ധക്കപ്പലിലെ നായകസ്ഥാനം നെൽസനാണു വഹിച്ചതു്. അതിന്റെ ശേഷം കാഴ്സിക്കായിൽ

വച്ചുണ്ടായ ഒരു യുദ്ധത്തിൽ നെൽസൺ നിന്നിരുന്ന സ്ഥലത്തിന്ന സമീപം ഫ്രഞ്ചുകാരുടെ ഒരു പീരങ്കിയുണ്ട വീഴ്കനിമിത്തം മണ്ണ് വലതുകണ്ണിൽ തെറിക്കുകയാൽ ആ കണ്ണിലെ കാഴ്ച നഷ്ടപ്പെട്ടുപോയി.

നെൽസൺ ഭാഗഭാക്കായ ആദ്യത്തെ വലിയ കടൽയുദ്ധം കേപ്പ് സെൻറ് വിൻസൻറ് എന്ന സ്ഥലത്തിന്ന സമീപംവച്ചുണ്ടായതായിരുന്നു. ഠരം യുദ്ധത്തിൽ നെൽസൻെറ ധീരത നല്ലവണ്ണം പ്രകാശിച്ചു. അദ്ദേഹം തൻെറ കീഴിലുള്ള ഭടന്മാരോടുകൂടി സ്പെയിൻകാരുടെ വക ഒരു കപ്പലിൽ ചാടി അതിനെ കൈവശമാക്കി. ഇതുകൊണ്ടു തൃപ്തനാകാതെ മറെറാരു കപ്പൽകൂടി പിടിക്കുന്നതിലേക്കു നെൽസൺ ഭടന്മാരെ ഉത്സാഹപ്പെടുത്തി. "വിജയം; അല്ലാത്തപക്ഷം വെസ്റ്റ്മിനിസ്റ്റർ പള്ളി" എന്നു പറഞ്ഞാണ് അദ്ദേഹം ഭടന്മാരുടെ ഉത്സാഹത്തെ വദ്ധിപ്പിച്ചതു്. (ധീരതമുതലായ ഗുണങ്ങളെ പ്രത്യക്ഷമാക്കുന്ന വിശിഷ്ടകൃത്യങ്ങരം ചെയ്തിട്ടുള്ളവർ മരിച്ചാൽ മൃതശരീരങ്ങരം അടക്കംചെയ്യുന്നതു് വെസ്റ്റ്മിനിസ്റ്റർ പള്ളിയിലാകയാൽ "ഒന്നുകിൽ ജയിക്കണം, അല്ലാത്തപക്ഷം ധൈര്യപൂർവ്വം യുദ്ധംചെയ്തു മരിക്കണം" എന്നായിരുന്നു നെൽസൺ പറഞ്ഞതിൻെറ അത്ഥം.) നെൽസൺതന്നെ ആ കപ്പലിൽ ചാടിക്കയറുകയും അനന്തരം ബ്രിട്ടീഷ് കൊടി അതിൽ നാട്ടുകയും ചെയ്തു. ഠരം വിജയത്തെപ്പററിയുണ്ടായ സന്തോഷാധിക്യംകൊണ്ടു് ബ്രിട്ടീഷ് സേനാനായകനായ അഡ്മറൽ ജെവിസ് നെൽസനെ ആലിംഗനം ചെയ്യുകയും, അദ്ദേഹത്തിന് എത്ര വന്ദനം പറഞ്ഞാലും മതിയാകയില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു.

നെൽസണു് ചില യുദ്ധങ്ങളിൽ പരാജയവുമുണ്ടാകാതെയിരുന്നിട്ടില്ല. ഒരു സ്ഥലത്തുവച്ചു് അദ്ദേഹത്തിൻെറ വലതുകൈ പീരങ്കിയുണ്ടയേററു നശിച്ചുപോയി. എന്നാൽ ഇതുകൊണ്ടൊന്നും നെൽസൺ ആശാശൂന്യനായി ഭവിച്ചില്ല. അനന്തരം ഈജിപ്‌ററിനു സമീപം വച്ചുണ്ടായ ഒരു മഹായുദ്ധത്തിൽ നെപ്പോളിയൻെറ സൈന്യത്തെ നെൽസൺ തോല്പിച്ചു. നെൽസൻെറ ഈ വിജയത്തെ പരിഗണിച്ചു്, ബഹുമതി സൂചകമായി ബ്രിട്ടീഷ്ഗവണ്മെണ്ടു് അദ്ദേഹത്തിനു് "ബാരൺ" എന്ന പ്രഭുസ്ഥാനവും പ്രതിവൎഷം ൨൦൦൦ പവൻവീതമുള്ള ഒരു പെൻഷനും അനുവദിച്ചു. ൧൮൦൧-ൽ കോപ്പൻഹേഗിനു സമീപംവച്ചുണ്ടായ യുദ്ധത്തിലും നെൽസൺ ശ്ലാഘനീയമായ വിജയംസമ്പാദിച്ചു. അക്കാലത്തു് റഷ്യ, പ്രഷ്യ, സ്വീഡൻ, ഡെന്മാർക്ക് എന്നീരാജ്യങ്ങൾ ചേൎന്നു് ഇംഗ്ലണ്ടിനോടു് യുദ്ധം ചെയ്യണമെന്നു വിചാരിച്ചിരിക്കയായിരുന്നു. റഷ്യാക്കാരുടേയും പ്രഷ്യാക്കാരുടേയും സഹായം ലഭിക്കുന്നതിനു മുമ്പു് ഡെന്മാർക്കുകാരെ തോല്പിക്കണമെന്നു നിശ്ചയിച്ചു്അഡ്മിറൽ നെൽസനും അഡ്മിറൽ പാൎക്കറും ഒരു വലിയ കപ്പൽസൈന്യത്തോടുകൂടി കോപ്പൻഹേഗിലേക്കു് തിരിച്ചു. ഇവിടെവച്ചു് വളരെ വാശിയോടുകൂടിയ യുദ്ധം നടന്നു. ഒരു ഘട്ടത്തിൽ നെൽസൺ തോററുപോകുമെന്നുതന്നെ തോന്നുകയാൽ കപ്പലുകളോടുകൂടി തിരിയെ പോരണമെന്നു് അദ്ദേഹത്തിനോടു് ആവശ്യപ്പെടുന്നതായ അടയാളം അഡ്മിറൽ പാൎക്കർ കാണിച്ചു. യുദ്ധം വീണ്ടും തുടരണമെന്നായിരുന്നു നെൽസൻെറ നിശ്ചയം. അതുകൊണ്ടു് ദൂരദർശിനിക്കണ്ണാടിയെ തൻെറ കാഴ്ച നഷ്ടപ്പെട്ടുപോയ കണ്ണിൽവച്ചിട്ടു്, "അഡ്മിറൽ പാൎക്കറുടെ അടയാളം ഞാൻ കാണുന്നില്ലല്ലൊ. ഇങ്ങനെയുള്ള അട

യാളങ്ങൾക്ക് എന്റെ മറുപടി കുറേക്കൂടി മുറുകിയ യുദ്ധത്തിനായുള്ളതാണ്. അതുകൊണ്ട് ആ അടയാളം കാണിച്ചേക്കുക,'' എന്നാണ നെൽസൺ പറഞ്ഞത്. ഈ യുദ്ധനിലനിമിത്തം ഡെന്മാൎക്കുകാർ ഇംഗ്ലീഷുകാരുമായി സമാധാനഉടമ്പടിചെയ്തു. നെൽസന്റെ ഈ വിജയത്തെപ്പററിയുള്ള ബഹുമതിസൂചകമായി അദ്ദേഹത്തിന് "വൈക്കൌണ്ട്'' എന്ന് ശ്രേഷ്ഠമായ ബഹുമതി നൽകപ്പെട്ടു.

അതിന്റെശേഷമുണ്ടായ ചില്ലറ സമരങ്ങളിൽ നെൽസൺ ഫ്രെഞ്ചുകാരെ പരാജിതരാക്കിക്കൊണ്ടിരുന്നു. ഒടുവിൽ ൧൮൦൫-ൽ ഫ്രെഞ്ചുകാരുടേയും സ്പെയിൻകാരുടേയും കപ്പൽ സൈന്യം ഒരുവശത്തും ഇംഗ്ലീഷ്കാരുടെ സൈന്യം എതിർവശത്തുമായി ട്രഫാൽഗർ കോടിക്കുസമീപംവച്ച് ഒരു മഹായുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ നെൽസന്റെ വശത്തുണ്ടായിരുന്ന കപ്പലുകൾ എതൃകക്ഷിക്കാരുടെ വശത്തുണ്ടായിരുന്നതിനെക്കാൾ കുറവായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭടന്മാരെല്ലാം നല്ല ശേഷിയും തങ്ങളുടെ നായകന്റെ നേൎക്ക് ഭക്തിബഹുമാനാദികളുമുള്ളവരായിരുന്നു. "എല്ലാവരും തങ്ങളുടെ കൎത്തവ്യം ചെയ്യുമെന്ന് ഇംഗ്ലണ്ട്പ്രതീക്ഷിക്കുന്നു''എന്നതായിരുന്നു നെൽസന്റെ മുദ്രാവാക്യം. അദ്ദേഹത്തിന്റെ ഭടന്മാരെല്ലാം ഇതനുസരിച്ച പ്രവൎത്തിക്കുന്നതിനു ഒരുക്കമായിരുന്നു.

യുദ്ധം ആരംഭിച്ചുകഴിഞ്ഞയുടനേതന്നെ ബ്രിട്ടീഷ് കപ്പലുകൾ മുന്നോട്ടു പ്രവേശിച്ച് ശത്രുസൈന്യനിരയിൽ കുഴപ്പമുണ്ടാക്കിത്തുടങ്ങി. ശത്രുക്കളും വാശിയോടുകൂടി തന്നെ യുദ്ധംചെയ്തു. നെൽസൺ കയറിയിരുന്ന "വിക്ററി'' എന്ന കപ്പലിനു വളരെ നാശം സംഭവിച്ചു. ഇതി

നിടയിൽ ഒരു ഫ്രഞ്ചുകപ്പലിൽനിന്നു പുറപ്പെട്ട ഒരു വെടി നെൽസന്റെ ദേഹത്ത് പതിക്കയും അദ്ദേഹം അതുനിമിത്തം നിലത്തു വീണുപോകയുംചെയ്തു. അദ്ദേഹത്തിനെ ഉടനേതന്നെ കപ്പലിന്റെ ഒരു ഭാഗത്ത് എടുത്തുകൊണ്ടുപോകയുണ്ടായെങ്കിലും, ഡാക്ടർ പരിശോധിച്ച് ചികിത്സിക്കുന്നതിന് അദ്ദേഹം അനുവദിച്ചില്ല. തന്നെ ചികിത്സിക്കുന്ന സമയംകൊണ്ട്, രക്ഷപ്പെട്ടമെന്നു വിശ്വാസമുള്ള ഭടന്മാരെ ചികിത്സിക്കുന്നതിലേക്ക് അദ്ദേഹം ആജ്ഞാപിക്കുകയാണുണ്ടായത്. ഡാക്ടരുടെ ചികിത്സയുണ്ടായിരുന്നപക്ഷവും ഫലമുണ്ടാകയില്ലായിരുന്നു. അദ്ദേഹത്തിന്റെ സ്വർഗ്ഗയാത്ര ആസന്നമായിരുന്നു. തന്റെ കപ്പൽസൈന്യത്തിന് പൂർണ്ണവിജയം സിദ്ധിച്ചുവെന്നുള്ള സന്തോഷകരമായ വർത്തമാനം ഗ്രഹിക്കുന്നതുവരെമാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ. "ഈശ്വരകാരുണ്യത്താൽ ഞാൻ എന്റെ കൃത്യം ചെയ്തുകഴിഞ്ഞു" എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ഒടുവിലത്തെ വാക്കുകൾ.

സെൻറ് പാൾസ് കത്തേഡ്രൽ എന്ന പ്രസിദ്ധപ്പെട്ട പള്ളിയിലാണ് അദ്ദേഹത്തിന്റെ മൃതശരീരം അടക്കം ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ സ്മാരകമായി ലണ്ടനിൽ ട്രഫാൽഗർ സ്ക്വയർ എന്ന സ്ഥലത്ത് ഒരു സ്തംഭവും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നെൽസണ് പുത്രന്മാരാരുമില്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പ്രഭുസ്ഥാനം അദ്ദേഹത്തിന്റെ സഹോദരനാണ് ലഭിച്ചത്. ഈ സഹോദരന് പ്രതിവർഷം ൬൦൦൦ പവൻ വീതമുള്ള പെൻഷനും ഒരു ദേശവഴി വിലയ്ക്കു വാങ്ങുന്നതിലേക്ക് ഒരു ലക്ഷം പവൻ സംഭാവനയും ലഭിച്ചു.

ധീരത, കൃത്യനിഷ്ഠ, തന്റെ കീഴിലുള്ള ഭടന്മാരുടെ നേക്കുള്ള അനുകമ്പ മുതലായ ഗുണങ്ങളിൽ അഡ്മറൽ നെൽസനെ ജയിക്കാൻ വേറൊരു നാവികാധിപനുമുണ്ടായിട്ടില്ല.

---

## ജെയിംസ് വാട്ട്.

---

ആവിയന്ത്രനിർമ്മാണത്താൽ സുപ്രസിദ്ധനായ ജെയിംസ് വാട്ട് സ്കാട്ട്ലൻഡിൽ ഗ്രീനാക്ക് എന്ന സ്ഥലത്ത് ൧൭൩൬-ൽ ജനിച്ചു. ബാലനായ വാട്ടിനു നല്ല ദേഹശക്തിയുണ്ടായിരുന്നില്ല. എന്നാൽ ബുദ്ധിസാമർത്ഥ്യം, വിചാരണശക്തി എന്നിവയുള്ള ലക്ഷ്യങ്ങൾ ബാല്യത്തിലേ തന്നെ വാട്ട് പ്രദർശിപ്പിച്ചുതുടങ്ങി. ആയുധങ്ങളിലും അവകൊണ്ടു കളിക്കോപ്പുകളെ പരിഷ്കരിക്കുന്നതിലും വാട്ടിന് പ്രത്യേകപ്രതിപത്തിയുണ്ടായിരുന്നു. ഒരിക്കൽ, അടുപ്പിലിരുന്നിരുന്ന ഒരു പാത്രത്തിൽ വെള്ളം തിളച്ചുകൊണ്ടിരുന്നപ്പോൾ ബാലനായ വാട്ട് ഒരു കരണ്ടിയും കിണ്ണവും എടുത്ത്, പാത്രത്തിൽനിന്ന് ആവിശേഖരിച്ച് അതിനെ ഘനീഭവിപ്പിച്ച് തിരികെ വെള്ളമാക്കാമെന്ന് പരീക്ഷിച്ചു ഗ്രഹിച്ചതായും പറയപ്പെടുന്നുണ്ട്. ഇത് വാസ്തവമായിരുന്നാലും അല്ലെങ്കിലും വാട്ട്, പല പരീക്ഷണങ്ങളും നടത്തിവന്നിരുന്നുവെന്നുള്ളത് നിശ്ചയമാണ്.

താമസിയാതെ തന്നെ വാട്ട് "വടക്കുനോക്കിയന്ത്രം" മുതലായ യന്ത്രങ്ങൾ ഉണ്ടാക്കുന്നതൊഴിലിൽ പ്രവേശിച്ചു. ആദ്യം ഗ്ലാസ്ഗോയിലും പിന്നീട് ലണ്ടനിലുമായിരുന്നു

വാട്ടിൻെറ താമസം. തൻെറ വരവുകൊണ്ടു് വളരെ ചുരുങ്ങിയ നിലയിലാണു് വാട്ട് ജീവിതം കഴിച്ചുവന്നതു്. ഫ്രെഞ്ച്-ലെ യുദ്ധകാലത്തു്, തന്നെ നിർബന്ധപൂർവം നാവികവകുപ്പിൽ ചേർത്തേക്കുമോ എന്നു ഭയപ്പെട്ടു് വാട്ട് ഗ്ലാസ്ഗോപട്ടണത്തിലേക്കു തന്നെ തിരിച്ചുപോയി, അവിടെ സർവകലാശാലയ്ക്കു് വേണ്ട യന്ത്രങ്ങളുണ്ടാക്കുന്ന ജോലിയിലേർപ്പെട്ടു.

വാട്ടിൻെറ സാമർത്ഥ്യം അവിടേയുള്ള പ്രൊഫസർമാരുടെ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചു. അവരിലൊരാൾ പഴയകാലത്തെ മാതൃകയിലുള്ള ഒരു ആവിയന്ത്രത്തെ നന്നാക്കുന്നതിനു് വാട്ടിനോടു ആവശ്യപ്പെട്ടപ്പോഴാണു് ഈ യന്ത്രത്തിലുള്ള ന്യൂനതകളേയും, ഈ ന്യൂനതകളെനീക്കി പരിഷ്കൃതരീതിയിലുള്ള ഒരു ആവിയന്ത്രം നിർമ്മിക്കേണ്ട മാർഗ്ഗങ്ങളേയും പററി അദ്ദേഹം ഗൌരവമായി ആലോചിക്കാൻ തുടങ്ങിയതു്. ആ ആലോചനയുടേയും പരീക്ഷണങ്ങളുടേയും ഫലമായി, ആവികൊണ്ടു് കൂടുതൽ പ്രവൃത്തിചെയ്യാവുന്ന ഒരു പുതിയതരം യന്ത്രം നിർമ്മിക്കുന്നതിലേക്കു് വാട്ടിനു സാധിച്ചു. അതുകൊണ്ടു്, അഭിനവ ആവിയന്ത്രത്തിൻെറ നിർമ്മാതാവെന്നുള്ള ഖ്യാതിക്കു് അദ്ദേഹം അർഹനായി ഭവിക്കയും ചെയ്തിരിക്കുന്നു.

പഴയ യന്ത്രങ്ങൾ, ഖനികളിൽ നിന്നു് ജലം വററിക്കുന്നതിനാണു് അധികമായി ഉപയോഗിച്ചുവന്നതു്. ഈ യന്ത്രങ്ങളെ പരിഷ്കരിക്കുന്നതിനു് വാട്ട് ഫ്രൈ-ൽ കാറൻവാൾ എന്നസ്ഥലത്തുള്ള ഖനികളിലേക്കുപോയി. ഖനികളിലെ ജോലിനടത്തുന്നവർക്കു് പുതിയതരം യന്ത്രത്തെപ്പററി വിശ്വാസം തോന്നിയിരുന്നില്ല. അതുകൊണ്ടു് വാട്ടിനു് ആദ്യം വളരെ പ്രതിബന്ധങ്ങൾ നേരിട്ടു. എന്നാൽ ഏതാനും സംവത്സരങ്ങൾകൊണ്ടു് അവിടെയുള്ള

മിക്കവാറും എല്ലായന്ത്രങ്ങളേയും പരിഷ്കരിക്കുന്നതിലേക്ക് അദ്ദേഹത്തിന്നു സാധിച്ചു. അതിൻെറ ശേഷം ഇരിമ്പുപണിക്കും മററും അത്യാവശ്യകങ്ങളും യന്ത്രംകൊണ്ടു് പ്രവത്തിക്കാവുന്നവയുമായ പല സാമഗ്രികളും വാട്ട് നിമ്മിച്ചു തുടങ്ങി. ഈ നിമ്മാണങ്ങളാൽ വാട്ടിൻെറ പ്രസിദ്ധി ഫ്രാൻസു മുതലായ രാജ്യങ്ങളിലും പരന്നു. താമസിയാതെ അദ്ദേഹം പാരിസ്സ് നഗരത്തിൽപോയപ്പോൾ അവിടെയുള്ള പണ്ഡിതന്മാരിൽ നിന്നു് അദ്ദേഹത്തിന്നു് ആഹ്ലാദപൂവ്വമായ സ്വാഗതം ലഭിച്ചു.

൧൭൦൦-മുതൽ വാട്ടിൻെറ ആവിയന്ത്രം പല വലിയ വ്യാപാരശാലകളിലും ഉപയോഗിച്ചുതുടങ്ങി. ഒരു ആവിബോട്ടും, ഒരു വണ്ടി ഓടിക്കത്തക്കവണ്ണമുള്ള ഒരു ആവിയന്ത്രവുമുണ്ടാക്കണമെന്നു് അദ്ദേഹത്തിന്നു് താല്പയ്യമുണ്ടായിരുന്നുവെങ്കിലും അതിലേക്കു് സാധിച്ചില്ല. ഈ ബഹുമതി മറെറാരു മഹാനാണു് ലഭിച്ചതെന്നു് അടുത്ത ജീവചരിത്രത്തിൽനിന്നു് കാണാവുന്നതാണു്. ൧൮൧൯-ൽ വാട്ട് ചരമഗതിയെ പ്രാപിച്ചു.

മരണത്തിന്നു് കുറെ സംവത്സരങ്ങൾക്കുമുമ്പു തന്നെ അദ്ധ്വാനകരങ്ങളായ ശ്രമങ്ങളിൽ നിന്നു് അദ്ദേഹം വിരമിച്ചിരുന്നുവെങ്കിലും, പല പുതിയ ഉദ്യമങ്ങളിലും അദ്ദേഹത്തിൻെറ ഉപദേശം പലരും ആവശ്യപ്പെട്ടുകയും അപ്രകാരമുള്ള ഉപദേശം അദ്ദേഹം സന്തോഷപൂവ്വം നൽകുകയും ചെയ്തുവന്നു. വിനയം, അനഹങ്കാരം മുതലായവ അദ്ദേഹത്തിൻെറ വിശേഷഗുണങ്ങളായിരുന്നു. പല സവ്വകലാശാലകളിൽ നിന്നും സംഘങ്ങളിൽ നിന്നും അദ്ദേഹത്തിന്നു ബഹുമതികൾ ലഭിക്കുകയുണ്ടായി. അദ്ദേഹത്തിനെപ്പററി അറിഞ്ഞിരുന്ന സകലരാലും അദ്ദേഹം ആദരിക്കപ്പെട്ടും വന്നു.

# ജാജ് സ്ററീവൻസൺ.

ആവിയന്ത്രങ്ങൾകൊണ്ടുള്ള വാഹനങ്ങളുടെ നിമ്മാണത്താൽ ഖ്യാതിമാനായ ജാജ് സ്റ്റീവൻസൺ ഇംഗ്ലണ്ടിൽ വൈലാം എന്നു പേരായ ഒരു ചെറിയ ഗ്രാമത്തിൽ ൧൭൮൧-ൽ ജാതനായി. സ്റ്റീവൻസൻെറ പിതാവു് "ഫ്യാർമാൻ" എന്ന ജോലി വഹിച്ചിരുന്ന ഒരു സാധുവായിരുന്നു. സ്റ്റീവൻസൺ അയാളുടെ ദ്വിതീയപുത്രനായിരുന്നു. തൻെറ അല്പശമ്പളംകൊണ്ടു് വളരെ പ്രയാസപ്പെട്ടാണു് പിതാവു് കുട്ടികളെ വളൎത്തിവന്നതു്. ബാലനായ ജാജ് അക്കാലത്തു് വളരെ സങ്കടങ്ങൾ അനുഭവിച്ചിരുന്നു. ശരിയായ വസ്ത്രങ്ങളോ ആഹാരമോ ഇല്ലായിരുന്നതിനുപുറമെ, തൻെറ ഇളയ നാലു് സഹോദരീസഹോദരന്മാരെ സൂക്ഷിക്കുന്ന ജോലിയും ജാൎജിനായിരുന്നതിനാൽ, ഈ ബാലനു് അക്കാലത്തു് വിദ്യാഭ്യാസത്തിനു് സൌകൎയ്യമില്ലായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ഇവർ താമസിച്ചിരുന്ന കുടീരത്തിൻെറ മുൻവശത്തുകൂടി വലിയ വണ്ടികളിൽ കൽക്കരികയററി കുതിരകളെക്കൊണ്ടു് വലിപ്പിച്ചുകൊണ്ടുപോകുമ്പോൾ കുട്ടികൾ വണ്ടികളുടെ അടിയിലകപ്പെടാതെ സൂക്ഷിക്കുകയായിരുന്നു ജാൎജിൻെറ പ്രധാന ജോലി. ആവിയന്ത്രം ഉപയോഗിച്ചു് ഈ കൽക്കരിവണ്ടികളെ വലിച്ചുകൊണ്ടുപോകാൻ സാധിക്കുമെന്നുള്ള വിചാരം അപ്പോൾ ആൎക്കും ഉണ്ടായിരുന്നതേയില്ല.

ജാജിൻെറ പിതാവു് വളരെക്കാലം വൈലാമിലെ കൽക്കരിഖനിയിൽ ജലം വററിക്കുന്നതിനായുള്ള യന്ത്ര

ത്തിൽ തീയിടുന്നജോലി വഹിച്ചുവന്നു. ഇതിന്നിടയിൽ ജാ‍ജ്ജിന്ന് ആദ്യമായി ലഭിച്ച ഉദ്യോഗം സമീപം താമസിച്ചിരുന്ന ഒരു വിധവയുടെ പശുക്കളെ മേയ്ക്കുകയായിരുന്നു. പ്രതിദിനം രണ്ടു പെൻസ് (ഏകദേശം മൂന്നരച്ചക്രം) ആയിരുന്നു ശമ്പളം. ഈ ജോലിക്കിടയിൽ ലഭിച്ച വിശ്രമാവസരങ്ങളിൽ മണ്ണുകൊണ്ടു് ആവിയന്ത്രത്തിന്റെ മാതൃകകൾ ഉണ്ടാക്കുകയായിരുന്നു ജാ‍ജ്ജിന്റെജോലി. പതിനഞ്ചു വയസ്സു പ്രായമായപ്പോൾ ജാ‍ജ്ജ് സ്റ്റീവൻസന്നും തന്റെ പിതാവിനെപ്പോലെ ഒരു ഫ്യാർമാൻ സ്ഥാനം ലഭിച്ചു. ഈ ജോലി നടത്തിക്കൊണ്ടിരുന്നതിന്നിടയിൽ യന്ത്രത്തിന്റെ പ്രവത്തനത്തെപ്പററിയുള്ള വിവരങ്ങളെല്ലാം ഈ ബാലൻ ഗ്രഹിച്ചു. ഇങ്ങനെ ഈ പണിയിൽ കൂടുതൽസാമത്ഥ്യം പ്രദശിപ്പിക്കുകയാൽ ജാ‍ജ്ജിന്റെ ശമ്പളം ഇരട്ടിയായി വദ്ധിപ്പിക്കപ്പെട്ടു. യന്ത്രസംബന്ധമായുള്ള വിവരങ്ങൾ ഗ്രഹിക്കുന്നതിന്നുള്ള താല്പയ്യം നിമിത്തം ജാ‍ജ്ജ് സമയം ലഭിക്കുമ്പോഴെല്ലാം യന്ത്രത്തിനെ പിരിച്ച് അതിലെ ഓരോ ഭാഗത്തിന്റേയും നിമ്മാണത്തെപ്പററി ഗ്രഹിച്ചുവന്നു. ഇതിന്നിടയിൽ ഒരു നിശാപാഠശാലയിൽ പോയി എഴുതാനും വായിക്കാനും പഠിച്ചു തുടങ്ങുകയും ചെയ്തു. ൧൮-ാമത്തെ വയസ്സിലാണ് സ്വന്തപേർ തന്നെ എഴുതാറായതു്. അതിന്റെശേഷം ജോലി ഒഴിഞ്ഞിരുന്ന സമയമെല്ലാം ജാ‍ജ്ജ് പുസ്തകവായനയിലും യന്ത്രങ്ങളെപ്പററിയുള്ള ചിന്തയിലും കഴിച്ചുകൂട്ടി.

ഏറെത്താമസിയാതെതന്നെ, ജലം വററിക്കുന്നതിനുള്ള യന്ത്രങ്ങളെ നന്നാക്കുന്നതിൽ സമത്ഥൻ എന്നുള്ള ഖ്യാതി ജാ‍ജ്ജ് സ്റ്റീവൻസണ് ലഭിച്ചു. യന്ത്രങ്ങളിലെ കേടു നിമിത്തം ഖനികൾക്കു അപകടം സംഭവിക്കുമെന്നുള്ള

നിലയിലായിരുന്ന ചില അവസരങ്ങളിൽ ജോലിക്കാർ സ്റ്റീവൻസന്റെ അടുക്കൽ ഓടി എത്തുകയും, ആ കേടു കളെ സ്റ്റീവൻസൺ എളുപ്പത്തിൽ തീക്കുകയും ചെയ്യാറു ണ്ടായിരുന്നു.

൧൮൧൨-ൽ സ്റ്റീവൻസണ് കില്ലിങ്ങ്വൊത്ത് എന്ന സ്ഥലത്തുള്ള കൽക്കരിഖനിയിൽ പ്രതിവഷം ൧൦൦ പവൻ ശമ്പളത്തിൽ ഒരു എൻജിനീയരുദ്യോഗം ലഭിച്ചു. ഈ ശമ്പളവും, തന്റെ പ്രയത്നത്താൽ ലഭിച്ചിരുന്ന മററു തുകകളുമെല്ലാം സ്റ്റീവൻസൺ തന്റെ ഏകപുത്രന്റെ വിദ്യാഭ്യാസത്തിലേക്കായിട്ടാണ് വിനിയോഗിച്ചതു്. വിദ്യാ ഭ്യാസഹീനതനിമിത്തം തനിക്കു നേരിട്ടിരുന്ന പ്രയാസ ങ്ങൾ തന്റെ പുത്രനുണ്ടായിക്കൂടെന്നായിരുന്നു സ്റ്റീവൻ സന്റെ നിശ്ചയം.

ഏകദേശം ഇക്കാലത്താണ് കൽക്കരിവണ്ടികളെ, കുതിരകൾക്കുപകരം, ആവിയന്ത്രങ്ങളെക്കൊണ്ടു് വലിപ്പി ക്കാനുള്ള മാഗ്ഗങ്ങളെപ്പററി സ്റ്റീവൻസൺ ഗൌരവമായി ആലോചിച്ചു തുടങ്ങിയതു്. അതിനു മുമ്പു് ചിലർ ഭാര ങ്ങൾ കയററിക്കൊണ്ടുപോകുന്നതിനുള്ള ചില യന്ത്രങ്ങളു ണ്ടാക്കുന്നതിനുത്സാഹിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവ യെല്ലാം വളരെ കൽക്കരിയുടെ ദുർവ്യയത്തിന്നിടയാക്കുന്ന വയും, ഏററവും മന്ദഗതിയിൽ മാത്രം ചലിക്കുന്നവയും എല്ലാംകൊണ്ടും വികൃതങ്ങളുമായിരുന്നതിനാൽ ജനങ്ങൾ ക്കു് അവയെപ്പററി ആക്ഷേപമേ തോന്നിയിരുന്നുള്ളു.

വേലയ്ക്കും ലാഭവും സൌകയ്യവുമുള്ള ആവിയന്ത്രവാ ഹനങ്ങളുണ്ടാക്കാൻ സാധിക്കുമെന്നു് സ്റ്റീവൻസണ് വി ശ്വാസം തോന്നിയിരുന്നു. ഈ വിഷയത്തിൽ കില്ലിങ്ങ് വൊത്ത് ഖനിയിലെ ഉടമസ്ഥന്റെ സഹായം ലഭിച്ചു.

തിനാൽ സ്റ്റീവൻസൺ ഫവ്വഫർ-ൽ ആദ്യമായി ഒരു യന്ത്രമുണ്ടാക്കി. എന്നാൽ ഈ ഉദ്യമം ഒരു പൂർണ്ണവിജയമായി ഭവിച്ചില്ല. കുതിരവണ്ടികളെപ്പോലെയുള്ള ജോലി മാത്രമേ ഈ യന്ത്രംകൊണ്ടു നടത്താൻ സാധിച്ചിരുന്നുള്ളു; ചെലവു അത്രത്തോളംതന്നെ ഉണ്ടായിരുന്നുതാനും.

ആവി നിഷ്പ്രയോജനകരമായി നഷ്ടപ്പെടുന്നതാണ് തൻെറ യന്ത്രത്തിലുള്ള ഒരു വലുതായ ന്യൂനതയെന്നു ഗ്രഹിക്കുകയാൽ ഈ ന്യൂനതയെ പരിഹരിക്കുന്നതിലേക്ക് സ്റ്റീവൻസൺ പിന്നീട് ഉത്സാഹിക്കുകയും, രണ്ടുസംവത്സരംകൊണ്ട് മുമ്പിലത്തേക്കാൾ പരിഷ്കൃതരീതിയിലുള്ള ഒരു യന്ത്രം ഉണ്ടാക്കുകയും ചെയ്തു. ഈ യന്ത്രംകൊണ്ട്, കൽക്കരി കയററിയിട്ടുള്ള ഒരു വലിയ വണ്ടിയെ മണിക്കൂറൊന്നിന് ആറുമൈൽ വീതമുള്ള വേഗത്തിലും കുതിരവണ്ടിക്ക് ആവശ്യമുണ്ടായിരുന്നതിനെക്കാൾ ചുരുങ്ങിയ ചെലവിലും വലിച്ചുകൊണ്ടുപോകുന്നതിലേക്ക് സാധിച്ചു. താമസിയാതെതന്നെ തൻെറ യന്ത്രങ്ങൾ കൊണ്ടു കൽക്കരി കയററിയ വണ്ടികൾ കൊണ്ടുപോകുന്നതിനായി എട്ടുനാഴികദൂരമുള്ള ഒരു റെയിൽപ്പാത സ്റ്റീവൻസൺ ഏർപ്പെടുത്തി.

ഇതിനിടയിൽ ഖനികളിലുപയോഗിക്കുന്നതിനുള്ള ഒരു പുതിയതരം വിളക്ക് കണ്ടുപിടിക്കുകയാലും സ്റ്റീവൻസൻെറ ഖ്യാതി വർദ്ധിച്ചു. അതുവരെ ഖനികളിലെ ജോലിക്കാർ യാതൊരു അടപ്പുംകൂടാതെയുള്ള വിളക്കുകളാണ് ഉപയോഗിച്ചുവന്നതു്. ഇതുനിമിത്തം ഖനികളിൽ സാധാരണമായുള്ള ചില വിഷവായുക്കളിൽനിന്നു് വലിയ അപകടങ്ങളുണ്ടാകാറുണ്ടായിരുന്നു. ഈ അപകടങ്ങളെ പരിഹരിക്കുന്നതിലേക്കുള്ള ഒരുതരം വിളക്കാണ്, പലപരീക്ഷണങ്ങളും കഴിച്ചശേഷം, സ്റ്റീവൻ

സൺ നിൎമ്മിച്ചതു്. ഖനികളിൽ അപ്പോഴപ്പോൾ സംഭവിക്കാറുണ്ടായിരുന്ന വലുതായ ആൾനാശത്തിനു് ഈ വിളക്കുനിമിത്തം രക്ഷ ലഭിച്ചു. സർ ഹംഫ്രീഡേവി എന്ന ശാസ്ത്രജ്ഞൻ കുറെ സംവത്സരങ്ങൾക്കു ശേഷം ഇതിനെക്കാൾ പരിഷ്കൃതമായ ഒരുതരം വിളക്കു നിൎമ്മിക്കുകയുണ്ടായെങ്കിലും ഇപ്രകാരമുള്ള ഒരു വിളക്കു് ആദ്യമായി നിൎമ്മിച്ചതു് സ്റ്റീവൻസനായിരുന്നുവെന്നുള്ളതു് അവിസ്മരണീയമാകുന്നു.

ഫ്വവഫൽ ഡാർളിങ്ടൺ എന്ന സ്ഥലത്തുനിന്നു സ്റ്റോക്കുടൺ എന്ന സ്ഥലത്തേക്കു കൽക്കരി കൊണ്ടുപോകുന്നതിലേക്കു ഒരു യന്ത്രം മിസ്റ്റർ പീസ്സ് എന്നൊരാൾക്കുവേണ്ടി സ്റ്റീവൻസൺ നിൎമ്മിച്ചു. ഇതു ഓടിച്ചുതുടങ്ങിയ ദിവസം ഈ യന്ത്രം കാണുന്നതിനു് അനേകം ആളുകൾ കൂടിയിരുന്നു. സ്റ്റീവൻസൺതന്നേയാണു വണ്ടിയോടിച്ചതു്. മണിക്കൂറൊന്നിനു പന്ത്രണ്ടു മൈൽ വീതമുള്ള വേഗത്തിൽ വണ്ടിയോടി. ഇത്രയും ദൂരം ആവിയന്ത്രംകൊണ്ടു് കൽക്കരി കൊണ്ടുപോകാൻ സാധിച്ചതു ഇദംപ്രഥമമായിട്ടായിരുന്നു. സ്റ്റീവൻസൻെറ യന്ത്രം കൊണ്ടു വിജയകരമായി പ്രവൎത്തിക്കാൻ സാധിക്കുകയില്ലെന്നു വിചാരിച്ചിരുന്നപലരും ഇതുകണ്ടു് അത്ഭുതപ്പെട്ടു.

ഈ വിഷയത്തെപ്പററി മാഞ്ചസ്റ്ററിലെ വ്യാപാരശാലാപ്രവൎത്തകന്മാരും മററും ഗ്രഹിച്ചയുടനേതന്നെ ആ നഗരത്തിൽനിന്നു ലിവർപ്പൂൾ പട്ടണത്തിലേക്കു് ആളുകളേയും സാമാനങ്ങളും കയററിക്കൊണ്ടു പോകുന്നതിനുള്ള ഒരു റെയിൽപ്പാത ഏൎപ്പെടുത്തണമെന്നു നിശ്ചയിക്കുകയും, ഇതിലേക്കു ജാൎജ്ജ് സ്റ്റീവൻസനെ എൻജിനീയരായി നിയമിക്കുകയുംചെയ്തു. ഒരു നല്ല എൻജിനീയരായിത്തീൎന്നിരുന്ന തൻെറ പുത്രൻ റാബൎട്ടിൻെറ സഹായത്തോടുകൂടി ജാൎജ്ജ് സ്റ്റീവൻസൺ ഈ ജോലി കയ്യേററു.

ഈ ഉദ്യമത്തിനു അക്കാലത്തു പല വിപരീതാഭിപ്രായക്കാരുമുണ്ടായിരുന്നു. തങ്ങളുടെ തോട്ടങ്ങൾ നശിച്ചുപോകുമെന്നും, യന്ത്രങ്ങളുടെ ശബ്ദം നിമിത്തം കന്നുകാലികൾക്കു മേയുന്നതിനു സാധിക്കുകയില്ലെന്നും, കോഴികൾ മുട്ടയിടുകയില്ലെന്നും മററും കൃഷിക്കാർ പരാതി പറഞ്ഞു. റെയിൽ പാതയ്ക്കു സ്ഥലമളക്കുന്നതിനുപോയ ജോലിക്കാരെ വിദ്യാഭ്യാസവിഹീനരായ ചിലർ ആയുധങ്ങളുമായി ഉപദ്രവിക്കുന്നതിനുപോലും തയ്യാറായി. ഗ്രസ്റ്റിക്കാരുടെ സഹായത്തോടുകൂടിയും മററുമാണു എൻജിനീയർമാർ ഈ ജോലി നിർവ്വഹിച്ചതു്. ഒരു തുരങ്കമുണ്ടാക്കുക, നനവു പ്രദേശത്തു പാളമിടുക മുതലായ മററു പ്രയാസങ്ങളും സ്റ്റീവൺസനുണ്ടായിരുന്നു.

ഈ പാതയ്ക്കുവേണ്ടി ഉണ്ടാക്കിയ യന്ത്രങ്ങളിൽ സ്ററീവൻസൻെറ യന്ത്രമാണ് സമ്മാനാർഹമായി ഭവിച്ചതു്. സമ്മാനം ൫൦൦ പവനായിരുന്നു. ൧൮൩൦-ൽ, പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തോടുകൂടി, ഈ റെയിൽ പാത തുറക്കപ്പെട്ട ദിവസം യാത്രക്കാരെ കയററിയിട്ടുള്ളതായ വണ്ടി മണിക്കൂറൊന്നിന് മുപ്പതുമൈൽവീതംഓടി. അപ്പൊഴാണ്, ജാർജ്ജ് സ്റ്റീവൻസൺ യഥാർത്ഥത്തിൽ ഒരു മഹാനാണെന്നും, അദ്ദേഹത്തിൻെറ "ഇരിമ്പുകുതിര"ക്കു് മേലാൽ പ്രചാരവും പ്രാമാണ്യവും സിദ്ധിക്കുമെന്നും ജനങ്ങൾ ഗ്രഹിച്ചതു്. അതിൻെറശേഷം മററുപല സ്ഥലങ്ങളിലും തീവണ്ടികൾ ഏൎപ്പെടുത്താൻ തുടങ്ങി. ഈ പണികൾക്കെല്ലാം സ്റ്റീവൻസൻേറയും അദ്ദേഹത്തിൻെറ സമർത്ഥനായ പുത്രൻേറയും സഹായമുണ്ടായിരുന്നു. പുത്രൻ (റാബർട്ട് സ്റ്റീവൻസൺ) സമർത്ഥനായ ഒരു എൻജിനീയരായിത്തീൎന്നുവെന്നും പല പ്രസിദ്ധപ്പെട്ട പാലങ്ങളും ഈ എൻജിനീയർ പണിയിച്ചിട്ടുണ്ടെ

ന്നുമുള്ള വിവരം ഈ അവസരത്തിൽ പ്രസ്താവയോഗ്യ മാകുന്നു.

ജാർജ് സ്റ്റീവൻസൺ തൻെറ ൬൭-ാമത്തെ വയസ്സിൽ ലോകാന്തരപ്രാപ്തനായി. അദ്ദേഹത്തിൻെറ നാമധേയത്തെ ജനങ്ങൾ ഇന്നും നന്ദിപൂർവ്വം സ്മരിച്ചുവരുന്നു. ഒരു നിമിഷംപോലും വെറുതെ കളയാതെ പ്രവൎത്തിക്കുക, പരാജയങ്ങൾകൊണ്ടു് അധൈൎയ്യപ്പെടാതെ നിരന്തരപരിശ്രമം ചെയ്യുക, തൻെറ ജോലിയിൽ അസാമാന്യമായ ഉത്സാഹത്തോടുകൂടിയിരിക്കുക,—ഇവയായിരുന്നു സ്റ്റീവൻസൻെറ വിജയത്തിനുള്ള പ്രധാനകാരണങ്ങൾ. ഈ മഹാൻെറ ആർദ്രബുദ്ധിയേയും ഔദാൎയ്യത്തേയുംപററി, അദ്ദേഹത്തിൽ നിന്നു് സഹായങ്ങൾ ലഭിച്ചിരുന്ന അയൽവാസികൾ നന്ദിപൂർവം പ്രസ്താവിക്കാറുണ്ടായിരുന്നു.

---

## ജാൺ ഹൗവേർഡ്.

കാരാഗൃഹസമ്പ്രദായത്തെ പരിഷ്കരിക്കുന്നതിനു ശ്രമിച്ചു് അനേകായിരം ജനങ്ങളുടെ കൃതജ്ഞതയ്ക്കു് പാത്രീഭവിച്ച ഒരു മഹാനായിരുന്നു ജാൺ ഹൗവേർഡ്.

ഇദ്ദേഹം ഇംഗ്ലണ്ടിലെ ഒരു ധനിക കുടുംബത്തിൽ ൧൭൨൬-ൽ ജാതനായി. വലിയ ദേശസഞ്ചാരപ്രിയനായിരുന്നതിനാൽ ആദ്യകാലത്തു് ഹൗവേർഡ് പല രാജ്യങ്ങളിലും യാത്രചെയ്തിരുന്നു. ഒരിക്കൽ ലിസ്ബൺ നഗരത്തിൽനിന്നു് തിരിച്ചുവരുന്നവഴിക്കു്, ശത്രുക്കളുടെ വാണിജ്യത്തെ തടയുന്നതിനു് സഞ്ചരിച്ചിരുന്ന ഒരു ഫ്രഞ്ചു കപ്പൽ അദ്ദേഹത്തിനെ പിടിച്ചു് തടവിലാക്കി. അപ്പോഴാണു് കാരാഗൃഹവാസത്തിൻെറ കഷ്ടതകളെല്ലാം

ഹൗവേർഡിനു മനസ്സിലായത്ത്. തടവുകാരുടെ നികൃഷ്ടസ്ഥിതിയെ ഭേദപ്പെടുത്തുന്നതിലേയ്ക്ക് തൻെറ ആയുഷ്ക്കാലം മുഴവനും ശ്രമിക്കുമെന്ന് അപ്പോഠം അദ്ദേഹം തീച്ച്പ്പെടുത്തുകയും ചെയ്തു. തൻെറ സ്വന്തദേശമായ ബെഡ്ഫോർഡ്ഷെയാർ തുടങ്ങി രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ച് കാരാഗൃഹവാസികളുടെ സ്ഥിതികഠം അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ഇക്കൂട്ടരുടെ സ്ഥിതി ഏററവും ദയനീയമായിരുന്നു. കാരാഗൃഹങ്ങളെല്ലാം മലിനമയങ്ങളായിരുന്നു. ശുചീകരണമില്ലാതിരുന്നതുനിമിത്തം, 'പകൽപോലും തടവുകാരെ കടിക്കുന്ന വലിയ എലികഠം അവയിൽ ജീവിച്ചിരുന്നു. ഇവയിലൊരു എലി ഹൗവേർഡിനെത്തന്നെ കടിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ പട്ടിയെ ഒരു എലി കടിച്ചതിൻെറഫലമായി പട്ടിക്കുണ്ടായ സുഖക്കേട് ഭേദമാകയില്ലെന്നുള്ള നിലയിലാണെന്നു കണ്ടിട്ട് ആ ജന്തുവിനെ കൊല്ലേണ്ടിവന്നുവത്രെ.

ജെയിലർമാർ എന്നു പറയപ്പെടുന്ന ഉദ്യോഗസ്ഥന്മാരിൽ മിക്കവാറും പേർ ക്രൂരഹൃദയന്മാരും തങ്ങളുടെ അധികാരങ്ങളെ ദുർവിനിയോഗം ചെയ്തുവന്നവരുമായിരുന്നു. അവക്ക് കൈക്കൂലി കൊടുക്കുന്നവക്ക് മാത്രമേ അവർ എന്തെങ്കിലും സൗകര്യങ്ങഠം നൽകിയിരുന്നുള്ളു. ഇപ്രകാരമുള്ള കാര്യങ്ങളെല്ലാം ഗ്രഹിക്കുന്നതിനായി ഹൗവേർഡ് യൂറോപ്പുഖണ്ഡമൊട്ടുക്ക് സഞ്ചരിച്ച ശേഷം "കാരാഗൃഹങ്ങളുടെ സ്ഥിതി'' എന്നു പേരായ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. അക്കാലംവരെ അധികാരികഠം ഈ സ്ഥാപനങ്ങളിലെ നികൃഷ്ടസ്ഥിതിയെപ്പററി ഗൗരവമായി ആലോചിച്ചിട്ടില്ലായിരുന്നു. കാരാഗൃഹങ്ങളിലക

പ്പെടാതേയിരിക്കാൻ സൂക്ഷിച്ചിരുന്നുവെങ്കിൽ ഈ കഷ്ട തകളനുഭവിക്കാൻ ഇടയാകയില്ലായിരുന്നുവല്ലൊ എന്നാ യിരുന്നു മററു ചിലരുടെ സമാധാനം. ഹൗവേർഡിൻെറ പുസ്തകം വായിച്ചുനോക്കിയപ്പോഴാണു് എല്ലാവർക്കും പൂ ർണ്ണവിവരങ്ങൾ മനസ്സിലായതു്. അപ്പോഴത്തെ നിയമങ്ങ ളുടെ നിലകൊണ്ടു് കാരാഗൃഹങ്ങളിലകപ്പെടാതിരിക്കുന്ന തിനു തന്നെ പ്രയാസമായിരുന്നു, പല ചെറിയ കുററ ങ്ങൾക്കും ദീഘ്കാലത്തെ തടവു ശിക്ഷയാണു് അപ്പോൾ നൽകപ്പെട്ടുവന്നതു്. ഇക്കാലത്തു് മരണശിക്ഷ നൽകാ റില്ലാത്ത പല കുററങ്ങൾക്കും അപ്പോൾ മരണശിക്ഷ നൽ കപ്പെട്ടും വന്നു.

ഹൗവേർഡിൻെറ പുസ്തകം നിമിത്തം ഈ സംഗതി കളെപ്പററി ജനങ്ങൾ ആലോചിക്കുന്നതിന്നിടയായി. അ പ്പൊഴത്തെ ചില ശിക്ഷാനിയമങ്ങളും കാരാഗൃഹസമ്പ്ര ദായങ്ങളും ആളുകളെ കുറെക്കൂടി വഷളന്മാരാക്കുന്നതിനു മാത്രമേ ഉപകരിച്ചിരുന്നുള്ളുവെന്നു് എല്ലാവർക്കും മനസ്സി ലായി. ഇതു നിമിത്തം ആ കാലത്തിനുശേഷം ശിക്ഷാനി യമങ്ങൾ കുറേക്കൂടി ന്യായാനുസരണങ്ങളാക്കപ്പെട്ടിട്ടുണ്ടു്. ഹൗവേർഡിൻെറ പ്രസിദ്ധി വേഗത്തിൽ വദ്ധിച്ചു. "കാ രാഗൃഹവാസികളുടെ സ്നേഹിതൻ'' എന്നാണു് അദ്ദേഹ ത്തിനെ പലരും വിളിച്ചു വന്നതു്.

ഹൗവേർഡ് രണ്ടാമത്തെ പ്രാവശ്യം യൂറോപ്പിൽ ഒരു സഞ്ചാരം നടത്തി പ്രധാനപ്പെട്ട എല്ലാ കാരാഗൃഹങ്ങ ളേയും സന്ദശിച്ചു. ഇങ്ങനെ സഞ്ചരിച്ചിരുന്ന സമയത്താ ണു് അദ്ദേഹം അകാലചരമഗതിയെ പ്രാപിക്കുന്നതിന്നിട യായതു്. റഷ്യക്കാരും തുക്കികളുമായി അപ്പോൾ ഒരു യു ദ്ധം നടക്കുകയായിരുന്നു. ഇദ്ദേഹം റഷ്യയിൽ യുദ്ധപ്ര

ദേശത്തു് രോഗബാധിതന്മാരെ ശുശ്രൂഷിച്ചു താമസിക്കവേ പ്ളേഗ്ബാധിച്ചു്, ൧൭൯൦-ൽ, മരണം പ്രാപിക്കുകയാണുണ്ടായതു്. റഷ്യയിലെ രാജകുമാരന്മാരും, സേനാനായകന്മാരും, അനേകായിരം ഭടന്മാരും, കൃഷീവലന്മാരും മൃതശരീരത്തോടുകൂടി അദ്ദേഹത്തിൻെറ സമാധിസ്ഥലത്തേക്കു് പോകയുണ്ടായി. ഈ മരണത്താൽ മനുഷ്യവൎഗ്ഗത്തിൻെറ ഒരു ഉത്തമസുഹൃത്തു് നഷ്ടപ്പെട്ടതായിട്ടാണു് യൂറോപ്പൊട്ടുക്കുള്ള ജനങ്ങൾ കരുതിയതു്.

ഹൗവേർഡ് സ്വദേശത്തെ വിസ്മരിക്കുന്ന കൂട്ടത്തിലല്ലായിരുന്നു. അദ്ദേഹത്തിൻെറ ഗ്രാമത്തിൽ അദ്ദേഹം ജനങ്ങൾക്കു വേണ്ടി മാതൃകാഗൃഹങ്ങളും അവരുടെ കുട്ടികൾക്കായി ഒരു പാഠശാലയും സ്ഥാപിച്ചിട്ടുണ്ടു്. ജനങ്ങൾ അദ്ദേഹത്തിൻെറ സ്വാൎത്ഥപരിത്യാഗപരങ്ങളായ ശ്രമങ്ങളുടെ സ്മാരകമായി സെൻറ്പാൾസ് കത്തേഡ്രൽ എന്നപള്ളിയിലും ബെഡ്ഫോർഡ് പട്ടണത്തിലും ഓരോ പ്രതിമ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമാകുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഉത്തമസ്മാരകങ്ങൾ, മുമ്പുതടവുകാരെ താമസിപ്പിച്ചിരുന്ന നികൃഷ്ടഗഹ്വരങ്ങൾക്കുപകരം സ്ഥാപിതങ്ങളായ ശുചിത്വവും ഭംഗിയുമുള്ള കാരാഗൃഹങ്ങളാണെന്നുള്ളതിനു് സംശയമില്ല.

---

## വില്ല്യം വിൽബർഫോഴ്സ്.

---

അടിമവ്യാപാരത്തെ നിറുത്തൽചെയ്യുന്നതിനു അശ്രാന്തപരിശ്രമം ചെയ്തു് ശാശ്വതമായ യശസ്സ് സമ്പാദിച്ച വില്യം വിൽബർഫോഴ്സ് എന്ന മഹാൻ ഹൾപട്ടണത്തിലുള്ള ഒരു വ്യാപാരിയുടെ പുത്രനായി ൧൭൫൯-ൽ

ജാതനായി. വിൽബർഫോഴ്സും, മററുചില മഹാന്മാരെ പ്പോലെ, ആദ്യം ദേഹാരോഗ്യമില്ലാത്ത ഒരു ബാലനായിരുന്നു; എന്നാൽ അസാമാന്യമായ ബുദ്ധിശക്തി ബാല്യം മുതൽക്കുതന്നെ പ്രദശിപ്പിച്ചിരുന്നു.

പഠനത്തിലുള്ള ശീഘ്രതയാലെന്നപോലെതന്നെ ആർദ്രചിത്തതയാലും ബാലനായ വിൽബർഫോഴ്സ് ഗണ്യനായിഭവിച്ചു. പതിന്നാലു് വയസ്സായിരുന്നപ്പോൾ തന്നെ ഈ ബാലൻ അടിമവ്യാപാരത്തിൻേറയും എല്ലാ മാതിരി അടിമത്വത്തിൻേറയും നേക്കുള്ള വിദ്വേഷം പ്രകാശിപ്പിച്ചുതുടങ്ങി. ഹീനമായും നീചമായുമുള്ള സകലസംഗതികളോടും വിൽബർഫോഴ്സിന്നു് വെറുപ്പു് തോന്നിയിരുന്നു.

കേംബ്രിഡ്ജ് സവ്വകലാശാലയിൽ നിന്നു് വിദ്യാഭ്യാസം കഴിച്ച ശേഷം ൧൭൮൦-ൽ വിൽബർഫോഴ്സ് ബ്രിട്ടീഷ് പാർലമെൻറിലെ ഒരു സാമാജികനായി. വേഗത്തിൽ അദ്ദേഹം ഒരു നല്ല പ്രാസംഗികനായിത്തീൻ. അപ്പോൾ മുതൽക്കുതന്നെ മഹാനായ വില്യംപിററിൻെറ ഗാഢമായ സ്നേഹം സമ്പാദിക്കുകയും ചെയ്തിരുന്നു. നൈസഗ്ഗികമായ ആർദ്രചിത്തത നിമിത്തം വിൽബർഫോഴ്സിന്നു് തൻെറ ചുററും ദൃശ്യമായിരുന്ന ക്രൂരതകളെപ്പററി സങ്കടംതോന്നുകയാൽ അദ്ദേഹം ൧൭൮൭-ൽ തൻെറ ജീവിതം ഈശ്വരാരാധനത്തിന്നും സമസൃഷ്ടസേവനത്തിന്നുമായി ചെലവാക്കാൻ തീച്ചപ്പെടുത്തി. ✓"അടിമവ്യാപാരത്തെ നിറുത്തൽ ചെയ്യുക, ജനങ്ങളുടെ ശീലം നന്നാക്കുക എന്നിങ്ങനെ രണ്ടു മഹത്തായ ഉദ്ദേശങ്ങൾ ജഗദീശ്വരൻ എനിക്കു് കാണിച്ചു തന്നിരിക്കുന്നു", എന്നാണു് അദ്ദേഹം പറയാറുണ്ടായിരുന്നതു്. ഈ രണ്ടു ഉദ്ദേശ

ങ്ങളും സാധിക്കുന്നതിലേയ്ക്ക് അദ്ദേഹം വളരെ പ്രയത്നിക്കയും ചെയ്തിരുന്നു.

മുൻകാലങ്ങളിൽ ബ്രിസ്റ്റൾനഗരത്തിൽ ഒരു അടിമച്ചന്തതന്നെയുണ്ടായിരുന്നു. നീഗ്രോജാതിക്കാരായ അടിമകളെ ഈ സ്ഥലത്തുകൊണ്ടുവന്ന് വിൽക്കുകയായിരുന്നു അക്കാലങ്ങളിലെ പതിവ്. വിൽബർഫോഴ്സിന്റെ കാലത്ത് ഈ ഏർപ്പാടു നിന്നുപോയിരുന്നുവെങ്കിലും, ബ്രിട്ടീഷ് കപ്പൽക്കാർ ആഫ്രിക്കയിലെ പടിഞ്ഞാറെ തീരത്തുനിന്ന് നീഗ്രോകളെ പിടിച്ച് കപ്പലുകളിൽകയററിക്കൊണ്ടുപോകുന്ന ഏർപ്പാട് നടപ്പിലിരുന്നിരുന്നു. പലപ്പോഴും അവരുടെ ഗ്രാമങ്ങൾ ചുട്ടുനശിപ്പിക്കുക, അവരെ മുറിവേൾപ്പിക്കുക, ബലംപ്രയോഗിച്ച് അവരെ കപ്പലിൽകയററുക, അവരുടെ കൈകളും കാലുകളും കെട്ടിയിടുക മുതലായ അക്രമപ്രവൃത്തികളും ചെയ്തുവന്നു. ഇവരെ അമേരിക്കയിലോ വെസ്റ്റ് ഇൻഡ്യൻദ്വീപുകളിലോ കൊണ്ടുപോയി കാപ്പിത്തോട്ടക്കാർക്കും കരിമ്പുതോട്ടക്കാർക്കും മററും വിൽക്കുകയായിരുന്നു പതിവ്. യാത്രക്കിടയിൽ ഈ സാധുക്കളിൽ പലരും കപ്പൽക്കാരുടെ ക്രൂരനടപടികൾ നിമിത്തം മരിച്ചുപോവുക പതിവായിരുന്നു. ശേഷമുള്ളവരെ വിൽക്കുന്നതിനാൽ കപ്പലുടമസ്ഥന്മാർക്ക് വലുതായ തുകകൾ ലഭിച്ചുവന്നു. മററു വേലക്കാരെക്കൊണ്ടുചെയ്യിക്കാവുന്നതിൽ കൂടുതലായ ജോലി ഈ നീഗ്രോജാതിക്കാരെക്കൊണ്ട് ചെയ്യിക്കാമായിരുന്നതുനിമിത്തം തോട്ടക്കാർക്കും ഈ ഏർപ്പാട് ലാഭകരമായിരുന്നു. അതുകൊണ്ട് ഈ വ്യാപാരത്തെ നിറുത്തൽ ചെയ്യുന്നതിന് വിൽബർഫോഴ്സും ഒരു സ്നേഹിതനുംകൂടി ഉത്സാഹിച്ചപ്പോൾ കപ്പലുടമസ്ഥന്മാരിൽ നിന്നും പഞ്ചസാരവ്യാപാ-

രികളിൽ നിന്നും മററും വലുതായ പ്രതികൂലാഭിപ്രായം പുറപ്പെട്ടു.

അല്പകാലം കഴിഞ്ഞശേഷം വിൽബർഫോഴ്സ് ഇതിലേക്കു് ഒരു ബിൽ പാർലമെൻറ് സഭയിൽ ഹാജരാക്കി. എന്നാൽ ബിൽ തള്ളിപ്പോകയാണുണ്ടായതു്. അക്കാലത്തു് ഫ്രാൻസുമായി യുദ്ധം ആരംഭിച്ചിരുന്നതിനാൽ, വിൽബർഫോഴ്സിൻെറ ശ്രമത്തിൽ അനുകമ്പയുണ്ടായിരുന്ന വില്യം പിററിന്നു് ഇക്കാര്യത്തിൽ സഹായിക്കുന്നതിന്നു് സാധിച്ചില്ല. പിററിൻെറ മരണശേഷം മറെറാരു പ്രധാന രാജ്യഭരണതന്ത്രജ്ഞനായിരുന്ന ചാറത്സ് ജെയിംസ് ഫോക്സ്, വിൽബർഫോഴ്സിൻെറ ആഗ്രഹത്തിന്നു് അനുകൂലമായി പ്രവർത്തിച്ചു. ബ്രിട്ടീഷ് പ്രജകൾ അടിമകളെപ്പിടിച്ചു് വിൽക്കാൻ പാടില്ലെന്നുള്ള ഒരു ബിൽ, ഫോക്സിൻെറ ശ്രമം നിമിത്തം, ൧൮൦൬-ൽ ബ്രിട്ടീഷ് പാർലമെൻററിൽ പാസായി.

ഇതുനിമിത്തം അടിമകളെ പിടിക്കാനും വില്ക്കാനും പാടില്ലെന്നു് വന്നുവെങ്കിലും, അവരെ ഇംഗ്ലണ്ടിൻെറവക കുടിപാപ്പുസ്ഥലങ്ങളിൽ താമസിപ്പിച്ചുകൊള്ളുന്നതിന്നു് വിരോധമില്ലായിരുന്നു. ഈ ഏപ്പാടും മാററി അടിമകൾക്കു് മോചനം നൽകുന്നതിലേക്കു് വിൽബർഫോഴ്സും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും ഇരുപത്തേഴ സംവത്സരകാലം പ്രയത്നിച്ചു. അനന്തരം വിൽബർഫോഴ്സ് ആസന്നമരണനായികിടന്നിരുന്ന അവസരത്തിൽ ഇതു സംബന്ധിച്ചു് ഒരു തീരുമാനമുണ്ടായി. കുടിപാപ്പുസ്ഥലങ്ങളിൽ താമസിപ്പിച്ചിട്ടുള്ള അടിമകളുടെ ഉടമസ്ഥന്മാർ അവരെ വിട്ടുതൽ ചെയ്യുമെങ്കിൽ അവക്കു് രണ്ടുകോടി പവൻ കൊടുത്തുകൊള്ളാമെന്നു് പാർലമെൻറ് നിശ്ചയം

ചെയ്കയാണുണ്ടായത്. ഏറെ താമസിയാതെതന്നെ വിൽബർഫോഴ്സ് മരണംപ്രാപിച്ചു.

ഇപ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരുഭാഗത്തും അടിമകളില്ലെന്നുള്ളതു് വിൽബർഫോഴ്സിന്റെ ശ്രമഫലത്തെ വിളിച്ചു പറയുന്നു.

---

## ഡേവിഡ് ലിവിംഗ്സ്റ്റൺ.

---

ആഫ്രിക്കയിലെ ഉൾപ്രദേശങ്ങളിൽ പുതിയസ്ഥലങ്ങൾ കണ്ടുപിടിച്ച് ലോകരുടെ ഭൂമിശാസ്ത്രസംബന്ധമായ അറിവിനെ വൎദ്ധിപ്പിച്ച ഒരു പ്രസിദ്ധസഞ്ചാരിയും അപരിഷ്കൃതജാതിക്കാരുടെ ഇടയിൽ വസിച്ച് അവൎക്കു മതസംബന്ധമായ പരിജ്ഞാനം നൽകിയ ഒരു ജനക്ഷേമകാംക്ഷിയുമായിരുന്നു ഡേവിഡ് ലിവിംഗ്സ്റ്റൺ.

ഇദ്ദേഹം ൧൮൧൩-ൽ സ്കോട്ട്ലൻഡിൽ ജനിച്ചു. ജാർജ് സ്റ്റീവൻസൺ മുതലായ ചില മഹാന്മാരെപ്പോലെ ലിവിംഗ്സ്റ്റനും ഒരു ദരിദ്രബാലനായിട്ടാണു് വളൎന്നതു്. ലിവിംഗ്സ്റ്റന്റെ പിതാവു ഒരു തേയിലവ്യാപാരിയായിരുന്നു. തന്റെ കുട്ടികളെ വ്യവസായികളായും സൽസ്വഭാവികളായും വളൎത്തുന്നതിൽ പിതാവു് പ്രത്യേകം ശ്രദ്ധിച്ചുവന്നു.

ഡേവിഡിനെക്കൂടാതെ ആ ഭവനത്തിൽ വേറെ നാലു കുട്ടികളുണ്ടായിരുന്നു. എന്നാൽ ഡേവിഡ്, തന്റെ ഉത്സാഹശീലംനിമിത്തം മാതാപിതാക്കന്മാരുടെ പ്രത്യേകപ്രതിപത്തിക്കു് പാത്രമായിരുന്നു. തന്റെ ഭവനത്തിനു ചുററുമുള്ള കാട്ടുകളിലും മററും സഞ്ചരിച്ച് ജന്തുക്കളേയും ചെടികളേയും മററും സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രഹിക്കുന്ന

തിലേക്കുള്ള വാസന കേവലം ബാലനായിരുന്നപ്പോൾ തന്നെ ഡേവിഡ് പ്രദർശിപ്പിച്ചിരുന്നു.

ഡേവിഡിൻെറ പിതാവിൻെറ ആദായം തുച്ഛമായിരുന്നതിനാൽ ഏകദേശം പത്തുവയസ്സായപ്പോൾ തന്നെ ഡേവിഡ് കൂടി പണിചെയ്തു് കുടുംബത്തിലെ വരവിനെ വർദ്ധിപ്പിക്കേണ്ട ആവശ്യം നേരിട്ടു. സമീപമുള്ള ഒരു പരുത്തിശാലയിലാണു് ഡേവിഡിനു പണി കിട്ടിയതു്. ഭക്ഷണത്തിനായി അല്പം സമയമൊഴികെ രാവിലെ ആറു മണിമുതൽ രാത്രി എട്ടുമണിവരെ വേലചെയ്യണമെന്നായിരുന്നു ആ തൊഴിൽശാലയിലെ നിശ്ചയം. ഡേവിഡ് യാതൊരു അസംതൃപ്തിയുംകൂടാതെ വേലചെയ്തു. ആദ്യമായി ലഭിച്ച ശമ്പളമായ അരക്രൗൺ (ഏകദേശം ഒന്നേമുക്കാൽരൂപാ) തനിക്കു് എത്ര സന്തോഷം നൽകിയെന്നു് ലിവിംഗ്സ്റ്റൺ പിന്നീടു് പറയാറുണ്ടായിരുന്നു. ഈ തുക കൊണ്ടുപോയി ലിവിംഗ്സ്റ്റൺ തൻെറ അമ്മയുടെ മടിയിൽ വയ്ക്കുകയാണുണ്ടായതു്.

ഈ ശമ്പളത്തിൻെറ ഒരു അംശംകൊണ്ടു് ഡേവിഡ് ഒരു ലാററിൻ വ്യാകരണം വിലയ്ക്കുവാങ്ങി. അതിൻെറ ശേഷം പിന്നെയും പല പുസ്തകങ്ങളും വാങ്ങിവന്നു. തനിക്കു ലഭിച്ചിരുന്ന അല്പമായ വിദ്യാഭ്യാസത്തെ വർദ്ധിപ്പിക്കുന്നതിലേക്കു ലിവിംഗ്സ്റ്റനു് വലുതായ ആഗ്രഹമുണ്ടായിരുന്നു. ഇതിലേക്കായി അനുഭവിച്ച സങ്കടങ്ങൾ ഡേവിഡിൻെറ പരിശ്രമശീലത്തേയും വിജ്ഞാനതൃഷ്ണയേയും നല്ലവണ്ണം വെളിവാക്കുന്നുണ്ടു്.

പരുത്തിവ്യവസായശാലയിൽ രാത്രി എട്ടുമണിവരെ ജോലിയുണ്ടായിരുന്നുവെന്നു് മുമ്പു പറഞ്ഞുവല്ലൊ. എട്ടുമണിക്കു മേൽ പത്തുമണിവരെ ഡേവിഡ് ഒരു നിശാപാഠശാലയിൽ പോയി പഠിച്ചുവന്നു. പിന്നീടു് വീട്ടിലെ

ത്തിയാൽ അർദ്ധരാത്രിവരെയ്യും പഠിക്കാറുണ്ടായിരുന്നു രാവിലെ ആറുമണിക്കു ജോലിസ്ഥലത്തു് ഹാജരാകുന്നതിനായി അഞ്ചുമണിക്ക് ഉറക്കമെഴുന്നേല്ക്കേണ്ടിയിരുന്നതു കൊണ്ടു് ഡേവിഡിൻെറ അമ്മ, ചിലപ്പോൾ, ഇതുകണ്ടു്, പുസ്തകംപിടിച്ചുവാങ്ങി ഡേവിഡിനെ ഉറങ്ങാൻ പറഞ്ഞയക്കാറുണ്ടായിരുന്നതായും ഈ മഹാൻെറ ജീവചരിത്രത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്. പരുത്തി വ്യവസായശാലയിൽവച്ചുതന്നെ അവസരം ലഭിക്കുമ്പോഴെല്ലാം പുസ്തകവായനയായിരുന്നു ഡേവിഡിൻെറ ജോലി. ആ തൊഴിൽശാലയിലെ യന്ത്രത്തിൽനിന്നും മററും പുറപ്പെട്ടിരുന്ന ശബ്ദത്തിനിടയിൽ ഏകാഗ്രമായി തൻെറ പഠനത്തിലേപ്പെട്ടിരിക്കുന്നതിനു ഡേവിഡ് പ്രത്യേകം ശീലിച്ചു. ഈ ഏകാഗ്രചിത്തതയും ഈ വിധത്തിൽ ലഭിച്ച അറിവും ഡേവിഡിനു ഭാവിയിൽ ഉപയോഗപ്രദമായിരുന്നു.

ഈ പരിശ്രമശാലിയായ ബാലൻ ഈശ്വരവിശ്വാസവും ഉത്സാഹശീലവുമുള്ള യുവാവായി. വൈദ്യവൃത്തിയോടുകൂടി മതപ്രചാരവും നടത്തുന്ന ഒരു മെഡിക്കൽ മിഷണറിയാകണമെന്നായിരുന്നു ഈ യുവാവിൻെറ മോഹം. ഇതിലേക്കായി ൧൮൩൬-ൽ ലിവിംഗ്സ്റ്റൺ ഗ്ലാസ്ഗോ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായി ചേർന്നു. അനദ്ധ്യായകാലത്തു തിരച്ചു തൊഴിൽശാലയിൽ പോയി വേലചെയ്തു പണമുണ്ടാക്കത്തക്കവണ്ണമുള്ള ഒരു ഏർപ്പാടിലാണു് ലിവിംഗ്സ്റ്റൺ ഇങ്ങനെ കാളേജുവിദ്യാഭ്യാസം നടത്തിയതു്. ഈ കാലത്തു് ലിവിംഗ്സ്റ്റൺ വളരെ സങ്കടങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ ഒരു സ്ഥിരോദ്ദേശത്തെ മുൻനിറുത്തി ധൈര്യപൂർവ്വം പ്രയത്നിക്കുന്ന ഒരു യുവാവിനു സങ്കടങ്ങളും പ്രയാസങ്ങളും നിസ്സാരങ്ങളാണല്ലോ. ഗ്ലാസ്ഗോയിൽവച്ചു ലിവിംഗ്സ്റ്റൺ

തന്റെ അദ്ധ്യാനശീലം, കൃത്യനിഷ്ഠ, ധീരത മുതലായവയാൽ സഹപാഠികളുടേയും ആദരവിനു അർഹനായി.

വിദ്യാഭ്യാസാനന്തരം ലണ്ടനിൽ എത്തി വേണ്ട ഒരുക്കങ്ങൾ ചെയ്തശേഷം ൧൮൪൦-ൽ ലിവിംഗ്സ്റ്റൺ ആഫ്രിക്കയിലേക്കു പുറപ്പെട്ടു.

അക്കാലത്തു് ആഫ്രിക്കാ വളരെ അപരിഷ്കൃതമായ ഒരു നിലയിലായിരുന്നു. കാട്ടുമൃഗങ്ങളുടേയും മററും ശല്യത്താലും ശരിയായ സഞ്ചാരമാർഗ്ഗങ്ങളുടെ കുറവിനാലും ഉൾപ്രദേശങ്ങളിലേക്കുള്ള യാത്ര ഏററവും പ്രയാസകരമായിരുന്നു. ഈ പ്രയാസങ്ങളെല്ലാം സഹിച്ച്, ലിവിംഗ്സ്റ്റൺ ഉൾപ്രദേശങ്ങളിൽകടന്നു്, അതുവരെ മതസംബന്ധമായ ബോധം ലഭിച്ചിരുന്നില്ലാത്ത ഒരു വർഗ്ഗക്കാരുടെ ഇടയിൽ താമസമാക്കി. അദ്ദേഹം അവരുടെ ഭാഷ പഠിക്കുകയും, അവരെ ചികിത്സിക്കുകയും, ക്രമേണ അവരുടെ വിശ്വാസം സമ്പാദിക്കുകയും ചെയ്തു.

ഉൾപ്രദേശങ്ങളിലെ പല ഭാഗങ്ങളിലും ലിവിംഗ്സ്ററൺ സഞ്ചരിച്ച് പല നൂതന തടാകങ്ങൾ, ഉപാഷക നദികൾ മുതലായവ കണ്ടുപിടിക്കുകയുണ്ടായി. ചില പ്രദേശങ്ങളിൽ ക്രൂരമായ വിധത്തിലുള്ള അടിമവ്യാപാരം നടപ്പിലിരിക്കുന്നതായി കാണുകയാൽ ഈ ഏർപ്പാട്ട് നിറുത്തൽ ചെയ്യുന്നതിലേക്കു ഉത്സാഹിക്കണമെന്നു ലിവിംഗ്സ്റ്റൺ നിശ്ചയിച്ചു.

ഈ യാത്രകളിൽ അപരിഷ്കൃതരായ പല കാട്ടുജാതിക്കാരുടേയും നിവാസസ്ഥലങ്ങളിൽ കൂടിയാണ് പോകേണ്ടിയിരുന്നതു്. ലിവിംഗ്സ്റ്റനോടുകൂടി നാട്ടുകാരായ ഒന്നുരണ്ടു പേർ മാത്രമേ ഉണ്ടായിരിക്കപതിവായിരുന്നുള്ളു; എങ്കിലും കാട്ടുജാതിക്കാരിൽ നിന്നു അദ്ദേഹത്തിനു ഉപദ്രവമൊന്നും നേരിട്ടില്ല. അനുകമ്പയും ആർദ്രതയുമായി

രുന്നു ഇതിലേക്കു അദ്ദേഹം ഉപയോഗിച്ചിരുന്ന ഔഷധ ങ്ങൾ.

അനന്തരം അല്പകാലത്തെ വിശ്രമത്തിനായി ലിവി ങ്സ്റ്റൺ സ്വദേശത്ത് എത്തിയപ്പോൾ അദ്ദേഹത്തിനു ജനങ്ങളിൽനിന്നു ഉത്സാഹപൂർവമായ സ്വാഗതംലഭിച്ചു. ആഫ്രിക്കയിലെ ഉൾപ്രദേശം ഒരു മണൽക്കാടാണെന്നാ യിരുന്നു അക്കാലത്തിനു മുമ്പു പലരും വിശ്വസിച്ചിരുന്ന ത്. അവിടെ നദികളും കാടുകളും ജനവാസവുമുണ്ടെന്നു കേട്ടപ്പോൾ ഇംഗ്ലീഷുകാർ അത്ഭുതപ്പെട്ടുപോയി. പല സർവ്വകലാശാലക്കാരും സംഘക്കാരും ലിവിംഗ്സ്റ്റനു ബ ഹുമതികൾ നൽകി.

അല്പകാലം കഴിഞ്ഞശേഷം അദ്ദേഹം വീണ്ടും ആ ഫ്രിക്കായിലേക്കു പുറപ്പെട്ടു. ഈ യാത്രയിലാണ് നയാ സ്സാ തടാകം കണ്ടുപിടിച്ചത്. ഇതിനിടയിൽ അദ്ദേഹ ത്തിനു പല ഇച്ഛാഭംഗങ്ങളും നേരിടുകയുണ്ടായെങ്കിലും തൻെറ നിശ്ചയത്തിൽ നിന്നു അദ്ദേഹം വ്യതിചലിച്ചി ല്ല. കുറെക്കാലം അദ്ദേഹം ആ ഭൂഖണ്ഡത്തിൻെറ മദ്ധ്യ ത്തിൽ മിക്കവാറും തനിച്ചായിപ്പോയി. അദ്ദേഹത്തിനെ പ്പററി വിവരങ്ങളൊന്നും ലഭിക്കായ്കയാൽ ഇംഗ്ലണ്ടിൽ നി ന്നു മിസ്റ്റർ സ്റ്റാൻലി എന്നൊരു സഞ്ചാരിയുടെ നേതൃത്വ ത്തിൽ കുറെ ആളുകളെ ആഫ്രിക്കയിലേക്കു അയക്കുകയു ണ്ടായി. ഇവർ വളരെ അന്വേഷണങ്ങൾ നടത്തിയശേഷം മാത്രമേ ലിവിംഗ്സ്റ്റനെ കാണ്മാൻ സാധിച്ചുള്ളൂ.

എത്രയോ സംവത്സരം ആഫ്രിക്കയിൽ തനിയെ താമസിച്ചശേഷം ഒരു ഇംഗ്ലീഷുകാരനെ കാണുകയും, ഇംഗ്ലീഷുഭാഷ സംസാരിക്കുന്നതു കേൾക്കുകയും ചെയ്ത പ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷം തോന്നി. എന്നാൽ തങ്ങളോടൊന്നിച്ച് തിരിയെ സ്വദേശത്തേക്കു

തിരിക്കണമെന്നു് സ്റ്റാൻലി പറഞ്ഞപ്പോഠം അദ്ദേഹം അനുസരിച്ചില്ല. തന്റെ ജോലി പൂത്തിയായിട്ടില്ലെന്നും, താൻ കണ്ടുപിടിച്ച രണ്ടു നദികഠം നൈൽനദിയുടെ പോഷകനദികഠം തന്നേയാണോഎന്നു് ഉറപ്പുവരുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഈ നിശ്ചയപ്രകാരം അദ്ദേഹം ഫിബ്രുവരി-ൽ വീണ്ടും ഒരു യാത്ര പുറപ്പെട്ടു. ഏററവും അനാരോഗ്യപ്രദങ്ങളായ പ്രദേശങ്ങളിൽ കൂടിയായിരുന്നു ഈ യാത്ര. ഒരുദിവസം അദ്ദേഹത്തിന്നു കലശലായ സുഖക്കേടുണ്ടായി. അടുത്തദിവസം രാവിലെ അദ്ദേഹത്തിനോടൊന്നിച്ചുണ്ടായിരുന്ന നാട്ടുകാരായ വിശ്വസ്തഭൃത്യന്മാർ അദ്ദേഹത്തിന്നെ നോക്കിയപ്പോഠം കണ്ടതു് അദ്ദേഹത്തിന്റെ മൃതശരീരത്തെയായിരുന്നു. പ്രാത്ഥിക്കാനെന്നപോലെ മുട്ടുകുത്തിയിരിക്കുന്നതായിട്ടാണു കണ്ടതു്. അടിമവ്യാപാരത്തിൽനിന്നു് ആഫ്രിക്കയ്ക്കു മോചനം സിദ്ധിക്കുന്നതിന്നു് അദ്ദേഹം പ്രാത്ഥിക്കുകയായിരുന്നിരിക്കണം. ധീരനായ ഈ സഞ്ചാരി ആഫ്രിക്കായ്ക്കുവേണ്ടി തന്റെ ജീവിനെ ബലികൊടുക്കുകയാണുണ്ടായതു്.

അദ്ദേഹത്തിന്റെ വിശ്വസ്തന്മാരായ അനുഗാമികഠം തങ്ങളുടെ വാത്സല്യഭാജനമായിരുന്ന യജമാനന്റെ മൃതശരീരം കേടുവരാതെ സൂക്ഷിച്ചു് അതിന്നെ ആദരപൂർവം സാൻസിബാർ എന്ന സ്ഥലത്തേക്കു കൊണ്ടുപോകയും അവിടെനിന്നു കപ്പലിൽകയററി ഇംഗ്ലണ്ടിലേക്കു് അയപ്പിക്കുകയും ചെയ്തു.

ലിവിംഗ്സ്ററന്റെ അസ്ഥികഠം ഗ്രേററ്ബ്രിട്ടനിലെ പ്രസിദ്ധ വീരപുരുഷന്മാരുടെ അന്ത്യവിശ്രമസ്ഥലമായ വെസ്റ്റ്മിനിസ്റ്റർ പള്ളിയിലാണു് ഇപ്പോഠം സ്ഥിതിചെയ്യുന്നതു്.

42

# Biographies for Beginners.

PART I.

12A
42

# മഹച്ചരിത സംഗ്രഹം.

ഒന്നാം ഭാഗം.

42/12

G
920
VEL

പ്രസാധകൻ:
കെ. വേലുപ്പിള്ള.

എസ്സ്. ആർ. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

രണ്ടാം പതിപ്പ്] [വില ചക്രം ൩ം